ചെങ്കോലും
മരവുരിയും

GOVT. HIGH SCHOOL
Date............
KOTTAYAM.

സ്റ്റാൻഡേർഡ് X

എൻ. കൃഷ്ണപിള്ള എം. ഏ.

14·S·204

ചെങ്കോലും മരവുരിയും

(അഞ്ചുരംഗങ്ങളുള്ള ഒരു നാടകം)

ഗ്രന്ഥകർത്താ:

എൻ. കൃഷ്ണപിള്ള

പ്രൊഫസ്സർ, യൂനിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

GOVT. HIGH SCHOOL
Date.........
KOTTAYAM.

1966

വില 60 പൈസ.

“ ദധതോ മംഗലക്ഷൌമേ
വസാനസ്യ ച വല്ക്കലേ
ദദൃശുർവ്വിസ്മിതാസ്തസ്യ
മുഖരാഗം സമം ജനാഃ ”

(രഘുവംശം 12-ാം സർഗ്ഗം)
കാളിദാസൻ

രാമായണകാവ്യത്തിലെ 'വിച്ഛിന്നാഭിഷേകം' അത്യന്തം നാടകോചിതമായ ഒരു കഥാവസ്തുവാണല്ലോ. വിവിധഭാവതരംഗിതമായ ആ ഭാഗത്തെ നാടകീകരിച്ചു നിർമ്മിച്ചിട്ടുള്ള ഒരു കൃതിയാണ് 'ചെങ്കോലും മരവുരിയും'. ആദികവിയുടെ സർഗ്ഗപ്രപഞ്ചത്തിലെ വൈചിത്ര്യങ്ങളിൽ ചിലതു് യുവവിദ്യാർത്ഥികൾക്കു കാണിച്ചുകൊടുക്കുകയും നാടകീയ ചൈതന്യത്തെക്കുറിച്ചു് ഒരു ബോധം അവരിൽ സംജാതമാക്കുകയുമാണ് ഈ ഗ്രന്ഥം കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഗൗരവപൂർണ്ണങ്ങളായ നാടകങ്ങളോടു് ആഭിമുഖ്യമുണ്ടാവാൻ ഈ കൃതി അവരെ സഹായിക്കുമെങ്കിൽ ഗ്രന്ഥകാരൻ ചരിതാർത്ഥനായി.

ഗ്രന്ഥകാരൻ

GOVT. HIGH SCHOOL,
KOTTAYAM.

കഥാപാത്രങ്ങൾ

1.	ദശരഥൻ	അയോദ്ധ്യയിലെ മഹാരാജാവ്
2.	കൈകേയി	ദശരഥന്റെ പ്രിയപത്നി
3.	മന്ഥര	കൈകേയിയുടെ വൃദ്ധധാത്രി
4.	രാമൻ	ദശരഥന്റേയും കൌസല്യയുടേയും പുത്രൻ
5.	ഭരതൻ	ദശരഥന്റേയും കൈകേയിയുടേയും പുത്രൻ
6.	ലക്ഷ്മണൻ	ദശരഥന്റേയും സുമിത്രയുടേയും പുത്രൻ
7.	കൌസല്യ	രാമന്റെ മാതാവ്
8.	സീത	രാമന്റെ പത്നി

H.S.204

ചെങ്കോലും മരവുരിയും

രംഗം ഒന്നു്

(ദശരഥമഹാരാജാവിന്റെ ഇഷ്ടപത്നിയായ കൈകേയി നിവസിക്കുന്ന രമ്യഹർമ്മ്യം. സുന്ദരീരത്നമായ കൈകേയി അണിഞ്ഞൊരുങ്ങി, ഭർത്താവിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയാണു്. പെട്ടെന്നു് ഒരു രാജഭൃത്യൻ പ്രവേശിക്കുന്നു.)

രാജഭൃത്യൻ:—തമ്പുരാട്ടിക്കു മംഗളം.

കൈകേയി:—എന്താണു് വിശേഷം? തിരുമേനി എഴുന്നള്ളാറായില്ലേ?

രാജഭൃത്യൻ:—വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അടിയനെ കല്പിച്ചയച്ചതാണു്.

കൈകേയി:—കല്പന എന്താണു്?

രാജഭൃത്യൻ:—അയോദ്ധ്യയെ ആകമാനം ആനന്ദത്തിൽ ആറാടിക്കുന്ന ഒരു വാർത്ത തമ്പുരാട്ടിയോടു് ഉണർത്തിക്കണമെന്നാണു് അരുളപ്പാടു്. മൂത്ത കൊച്ചുതമ്പുരാനെ ഇളമുറയായി അഭിഷേകം ചെയ്യാൻ മഹാരാജാവു തിരുമേനി നിശ്ചയിച്ചിരിക്കുന്നു.

കൈകേയി:—(തികഞ്ഞ സന്തോഷത്തോടും അദ്ഭുതത്തോടുംകൂടി) എന്തു്? വത്സരാമനു് അഭിഷേകമെന്നോ! ഹാ! ഇതിൽപ്പരം എന്തുവേണം ഹൃദയം കുളിർപ്പിക്കാൻ! എത്രനാളായി ഞാൻ ആ സുദിനം സ്വപ്നം കണ്ടുതുടങ്ങിയിട്ടു്!

രാജഭൃത്യൻ:—വലിയതമ്പുരാട്ടിമാരെ ഈ തീരുമാനം അറിയിക്കാനാണു് അടിയൻ നിയുക്തനായതു്.

കൈകേയി—കൗസല്യാദേവിയേയും സുമിത്രയേയും ധരിപ്പിച്ചു കഴിഞ്ഞോ ഈ വൃത്താന്തം? ഇല്ലെങ്കിൽ ഉടൻതന്നെ പോയി അറിയിക്കൂ. വത്സയായ സീതയും കുമാരലക്ഷ്മണനും ഈ ആഹ്ലാദം അനുഭവിക്കാൻ വൈകിക്കൂടാ. ഹാ! ഭരതനും ശത്രുഘ്നനും ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ!

രാജഭൃത്യൻ:—അടിയങ്ങളുടെ ആഗ്രഹവും അതുതന്നെയാണു് തമ്പുരാട്ടീ.

കൈകേയി:—കേകയരാജ്യത്തിൽനിന്നു് അവരെ ഉടൻതന്നെ കൂട്ടിക്കൊണ്ടുവരാൻ ആളയയ്ക്കണം. അവർക്കു് ഒരിക്കലും തീരാത്ത വേദന ആയിരിക്കും, ജ്യേഷ്ഠന്റെ അഭിഷേകം കാണാൻ കഴിയാതെ പോയാൽ.

രാജഭൃത്യൻ:—കൊച്ചുതമ്പുരാക്കന്മാരെ കൊണ്ടുവരാൻ ഇനി സമയമില്ല തമ്പുരാട്ടീ. നാളെ പുലർച്ചയ്ക്കാണു് അഭിഷേകം നടക്കുക. തിരുവുള്ളത്തിൽ ഉറച്ചു കഴിഞ്ഞ കാര്യം ഒട്ടും നീട്ടിക്കൂടെന്നാണു് വലിയ തമ്പുരാന്റെ കല്പന. അതിലേയ്ക്കു് സർവ്വസംഭാരങ്ങളും ഒരുക്കുന്നതിനും രാജ്യത്തിൽ അങ്ങോളമിങ്ങോളം വിളംബരം ചെയ്തു് ആഘോഷപരിപാടികൾ നിർവ്വഹിക്കുന്നതിനും ആജ്ഞാപിച്ചിരിക്കുകയാണു്.

കൈകേയി:—അങ്ങനെയോ രാജാജ്ഞ? എങ്കിൽ അപ്രകാരംതന്നെ ആകട്ടെ.

രാജഭൃത്യൻ:—അടിയൻ വിടകൊള്ളുവാൻ കല്പിക്കുമാറാകണം.

കൈകേയി:—ഹൃദയത്തിൽ തേന്മഴപെയ്യുന്ന ഈ മംഗളവാർത്ത അറിയിച്ചതിനു് ഈ സമ്മാനം സ്വീകരിച്ചുകൊള്ളു. (അണിയാൻ എടുത്തുവച്ചിരുന്ന ഒരു സ്വർണ്ണമാല ഭൃത്യനു സമ്മാനിക്കുന്നു. ഭൃത്യൻ ആദരപൂർവം അതു വാങ്ങിച്ചുകൊണ്ടുപോകുന്നു. പെട്ടെന്നു് രംഗത്തിന്റെ മറുവശത്തുകൂടി മന്ഥര പ്രവേശിക്കുന്നു.)

കൈകേയി:—മന്ഥര കേട്ടില്ലേ അയോദ്ധ്യയുടെ മഹാഭാഗ്യത്തെപ്പററി?

GOVT. HIGH SCHOOL, Date........... KOTTAYAM.

മന്ഥര:—ഒന്നും കേട്ടില്ല. ചിലതു കണ്ടു.

കൈകേയി:—മന്ഥര എന്തു കണ്ടെന്നാണു പറയുന്നതു്?

മന്ഥര:—നിരത്തായ നിരത്തെല്ലാം കൊടിയും തോരണവും കെട്ടി, നാലുകൂട്ടംവഴിയിലൊക്കെ വളച്ചുവാതിലും പൂപ്പന്തലും ചമച്ചു്—കോലാഹലത്തോടു കോലാഹലമല്ലേ, കണ്ണെത്തുന്ന ദിക്കിലെല്ലാടവും!

കൈകേയി:—[അല്പം നീരസത്തോടും പുച്ഛത്തോടും കൂടി] ഇതെല്ലാം കണ്ട ആളിനു്, കണ്ടതിനു കാരണമെന്തെന്നു് അറിയാൻ സാധിച്ചില്ലെന്നാണോ പറയുന്നതു്? ഭേഷായി!

മന്ഥര:—അറിയുന്നതുകൊണ്ടു പ്രയോജനമില്ലാത്ത കാര്യങ്ങൾ അറിയാൻ ശ്രമിക്കുന്നതു് മിനക്കേടല്ലേ?

കൈകേയി:—എന്തു്? അറിയുന്നതുകൊണ്ടു പ്രയോജനമില്ലെന്നോ! സർവലോകർക്കും കണ്ണിലുണ്ണിയായ

എന്റെ മകനെ നാളെ യുവരാജാവായി പട്ടംകെട്ടുന്നുതൊണ്ടു് ഇന്നാട്ടിലെ ആബാലവൃദ്ധം ജനങ്ങൾ പുളകംകൊള്ളുമ്പോൾ ഒരാൾമാത്രം ഇങ്ങനെ—ഹാ! എന്തൊരു കഥയില്ലായ്മയാണിതു്!

മന്ഥര:—ഞാൻ ഇന്നാട്ടുകാരിയേ അല്ലല്ലോ.

കൈകേയി:—ഈ സ്വർഗ്ഗത്തിലെ കട്ടുറുമ്പു് ഇപ്പോൾ എവിടെനിന്നു വന്നുവീണു?

മന്ഥര:—ഇയ്യുള്ളവൾ കട്ടുറുമ്പുതന്നെ എന്നു സമ്മതിക്കാം. പക്ഷേ സ്വർഗ്ഗം ഏതെന്നും ആരുടേതെന്നും മാത്രം മനസ്സിലായില്ല.

കൈകേയി:—ചിലരങ്ങനെ—എത്രയും വ്യക്തമായ സംഗതികൾപോലും മനസ്സിലാക്കാൻ കഴിയാത്തവരായിട്ടു്.

മന്ഥര:—അതേ, അതേ. അങ്ങനെയുള്ള ആളുകളാണു് ആപത്തിന്റെ പടുകുഴി മുമ്പിൽ കണ്ടിട്ടും കണ്ണും പൂട്ടി അങ്ങോട്ടേയ്ക്കു് ഇറങ്ങിച്ചെല്ലുന്നതു്!

കൈകേയി:—ഈ രസംകൊല്ലിവർത്തമാനമൊന്നും ഇപ്പോൾ കേൾക്കാൻ എനിക്കു് അവസരമില്ല. ഉള്ളു നിറയെ സംതൃപ്തിയും ആനന്ദവുമായിരിക്കുന്ന എന്നെ അതുമിതും പറഞ്ഞു് അലട്ടിയേയ്ക്കരുതു്.

മന്ഥര:—എത്ര മുഷിഞ്ഞാലും, എന്നെ തല്ലിയോടിച്ചാലും, ഞാൻ കാര്യംപറയും. അതെന്റെ കടമയാണു്. പലവർഷങ്ങൾക്കുമുമ്പു് കേകയമഹാരാജാവുതിരുമേനി തന്റെ വാത്സല്യഭാജനത്തോടൊപ്പം എന്നെയും ഇങ്ങോട്ടയച്ചതു് വെറും ഒരു വാലിയക്കാരി ആയിട്ടല്ല. ഗുണദോഷങ്ങൾ ഉപ

ദേശിക്കാനും നല്ലവഴി ചൊല്ലിത്തരാനും ആപത്തു കളിൽ നിന്നു് രക്ഷിക്കാനുമായിട്ടാണു്. അതു ഞാൻ മറക്കുകയില്ല. ഞാനു മറന്നുകൂടാ.

കൈകേയി:—ഈ പുരാണമെല്ലാം അടിച്ചു വിടാൻ ഇന്നെന്തുണ്ടായി മന്ഥരേ ? പെററമ്മയോടുള്ള സ്നേഹത്തിൻെറ പതിന്മടങ്ങു കൂറു് എന്നോടു കാണിക്കുന്ന രാമൻ യുവരാജാവാകാൻ പോകുന്ന ഈ സന്ദർഭത്തിൽ എനിക്കു എന്താപത്തുണ്ടാകാനാണു് ?

മന്ഥര:—എൻെറ കൈയിൽ കിടന്നു വളൻ കുഞ്ഞി നോടാണു ഞാൻ പറയുന്നതു്. എന്നെ തെററി ദ്ധരിക്കരുതു്?. ഈ പട്ടാഭിഷേകം തന്നെയാണു് നമുക്കു പിണയുന്ന ആപത്തു്.

കൈകേയി:—(അത്ഭുതം, നീരസം, കോപം എന്നീ വികാരങ്ങളോടെ) എന്തു്? എന്തു് ? നാളത്തെ അഭിഷേകം ആപത്തെന്നോ? ബുദ്ധിശൂന്യത ഞാൻ ക്ഷമിക്കും. പക്ഷേ മര്യാദകേടു് സഹിക്കു കയില്ല...

മന്ഥര:- എനിക്കു സഹിക്കാൻ സാധിക്കാത്തതു് ബുദ്ധി ഹീനതയാണു്. അങ്ങേഅററം സ്നേഹിക്കുന്നവർ, സ്വന്തം ഐശ്വര്യവും സുഖവും ജീവിതംതന്നെ യും ബുദ്ധിശൂന്യതകൊണ്ടു നഷ്ടപ്പെടുത്തുമ്പോഴ അതു തടയേണ്ടതു് എൻെറ ചുമതലയാണു്.

കൈകേയി:—എന്തൊക്കെയാണു മന്ഥരേ ഇപ്പറയു ന്നതു ? ഞാനെന്തും നഷ്ടപ്പെടാനാണു് ? എൻെറ

സുഖവും ഐശ്വൎയ്യവും എങ്ങനെ കൈവിട്ടു പോകും? വത്സരാമൻ യുവരാജാവാകുമ്പോൾ എന്റെ സ്ഥാനവും മാനവും സുഖവുമെല്ലാം വൎദ്ധിക്കുകയല്ലേ ഉള്ളൂ. പെററമ്മയെക്കാളും എന്നെ സ്നേഹിക്കുന്ന രാമഭദ്രൻ യുവരാജാവാകുമ്പോഴല്ലേ എന്റെ സൗഭാഗ്യം ഇരട്ടിക്കുന്നതു്.

മന്ഥര:—സ്വപ്നവും സത്യവും തമ്മിൽ കുറച്ചൊന്നുമല്ല അകൽച്ചയുള്ളതു്. മററുള്ളവരുടെ ഭാഗ്യം സ്വന്തമാണെന്നു ഭ്രമിക്കുന്നവൎക്കുണ്ടാകുന്ന അപകടത്തെക്കുറിച്ചു് മുൻകൂട്ടിക്കണ്ടുവേണം പെരുമാറാൻ.

കൈകേയി:—എനിക്കൊന്നും പിടികിട്ടുന്നില്ല മന്ഥരേ. തെളിച്ചു പറയാതെ വളച്ചുചുററി സംസാരിച്ചാൽ എന്തുചെയ്യും!

മന്ഥര:—തെളിച്ചുപറഞ്ഞാലെങ്കിലും മനസ്സിലായാൽ മതിയായിരുന്നു. ഞാൻ ചോദിക്കട്ടെ. രാമാഭിഷേകം എന്നു നിശ്ചയിച്ചു? ആരു നിശ്ചയിച്ചു? രാമകുമാരനെന്നുകേട്ടാൽ തുള്ളിച്ചാടുന്ന ദേവി എപ്പോൾ ഈ വൎത്തമാനം അറിഞ്ഞു? ഇതിനെപ്പററി ആലോചിച്ചിട്ടുണ്ടോ ദേവി ഒരു നിമിഷമെങ്കിലും?

കൈകേയി:—അതിലിത്ര ആലോചിക്കാനെന്തുണ്ടു്! നാടുവാഴുന്ന തമ്പുരാൻ മൂത്തപുത്രനെ യുവരാജാവാക്കി വാഴിക്കാൻ ആഗ്രഹിക്കുന്നതിൽ എന്താണു സംശയിക്കാനും അത്ഭുതപ്പെടാനുമുള്ളതു്?

മന്ഥ:—വെറുമൊരു മൎയ്യാദയ്ക്കുവേണ്ടിയെങ്കിലും നേരത്തേക്കൂട്ടി ഈ വിവരം ദേവിയെ ധരിപ്പിക്കേണ്ടു

തല്ലേ? ഒരു ദിവസം പൊട്ടുന്നനവേയങ്ങു തീരുമാനിച്ചു്, പിറേറദിവസം പട്ടംകെട്ടാൻ തക്കവണ്ണം എന്തു പററിപ്പോയി ഈ രാജ്യത്തിനു്? എൻെറ നേർബുദ്ധിയിൽ തോന്നിപ്പോയതു പറഞ്ഞെന്നേയുള്ളൂ.

കൈകേയി:—നാട്ടുകാർക്കും ബന്ധുക്കൾക്കുമെല്ലാം ഒരുപോലെ ആഗ്രഹമുള്ള കാര്യം ബുദ്ധിസമ്പന്നനായ തിരുമേനി ഊഹിച്ചറിഞ്ഞു പെരുമാറിയതിൽ എന്താണു് തരക്കേടു്?

മന്ഥര:—അതേ, ഊഹിച്ചറിഞ്ഞു! നാട്ടുകാരുടേയും ബന്ധുക്കളുടേയും ആഗ്രഹമല്ല—തൻെറ തന്ത്രം പ്രയോഗിക്കാനുള്ള സന്ദർഭം!

കൈകേയി:—ഇതിലെല്ലാം തന്ത്രവും മന്ത്രവും എടുക്കേണ്ട കാര്യം?

മന്ഥര:—പച്ചപ്പരമാത്ഥികൾക്കു് ഇതും ഇതിനപ്പുറവും കണ്ടാൽ സൽബുദ്ധിയെന്നേ തോന്നൂ. ഞാൻ വേറൊന്നു ചോദിക്കട്ടെ. ഭരതകുമാരനും ശത്രുഘ്നകുമാരനും നാട്ടിലില്ലാത്ത തക്കം നോക്കിത്തന്നെ വേണമായിരുന്നോ ഈ കർമ്മം നടത്താൻ? അവരെ ഈ വിവരം അറിയിക്കാൻപോലും കൂട്ടാക്കാത്തതിനു് എന്തു കാരണം പറയും?

കൈകേയി:—(ചിന്താഗ്രസ്തയാകുന്നു. കുറേക്കഴിഞ്ഞു്) സത്യം പറയുകയാണു് മന്ഥരേ! ഇക്കാര്യത്തെക്കുറിച്ചൊന്നും ഒരു നിമിഷം ഞാൻ ചിന്തിച്ചിട്ടില്ല. ഇതാ ഇപ്പോഴാണു് അങ്ങിനെ ഒരു കാര്യം ഞാനറിഞ്ഞതു്.

മന്ഥര:— ഇപ്പോഴെങ്കിലും അറിഞ്ഞതല്ലോ; ആശ്വാസമായി! അറിഞ്ഞിട്ട്, ഓമനപ്പുത്രനെ ആശീർവദിക്കാൻ ഒരുങ്ങിക്കഴിയുകയും ചെയ്തു.

കൈകേയി:— തീർച്ചയായും

മന്ഥര:— അല്ലോ കൗസല്യാദേവിയുടെ കാലുതിരുമ്മി കാലം കഴിച്ചുകൂട്ടാൻ തീരുമാനിക്കുകയും ചെയ്തു; അല്ല!

കൈകേയി:— (പെട്ടെന്ന് അദ്ഭുതസംഭ്രമങ്ങളോടെ) എന്ത്! കൗസല്യാദേവിയുടെ കാലുതിരുമ്മാൻ തീരുമാനിച്ചെന്നോ! ആര് എന്തിന്? ആരാണു മന്ഥരേ! ഇപ്പറയുന്നത്? ദശരഥന്റെ ഇഷ്ടപത്നിയായ കൈകേയിയ്ക്ക് പാദദാസ്യമോ! ഉച്ചക്കിറുക്കുവിട്ടു കാര്യം പറയൂ.

മന്ഥര:— തീയുണ്ടെങ്കിൽ പുകയുണ്ടെന്നു പറയാൻ കൊച്ചുകുട്ടികൾക്കും കഴിയുകയില്ല. രാമകുമാരൻ രാജ്യാവകാശിയും കൗസല്യാദേവി രാജമാതാവുമാകുമ്പോൾ കാണാം ഇഷ്ടപത്നിയുടെ സ്ഥാനവും അവസ്ഥയുമെല്ലാം. ആ സുമിത്രാദേവി എങ്ങനെയും രക്ഷപ്പെടും. ശ്രീരാമദേവന്റെ വലംകൈ ആയ ലക്ഷ്മണകുമാരന്റെ അമ്മയല്ലേ ആ തമ്പുരാട്ടി? പക്ഷേ ഇന്നു വലിയ തമ്പുരാന്റെ ചെല്ലപ്പിള്ളയായി ഭാവിക്കുന്നവർ, അവർ തരുന്ന വല്ലതും കഴിച്ച് ഈ കൊട്ടാരത്തിന്റെ കോണിലെങ്ങാനും കുത്തിയിരുന്നു നരകിക്കേണ്ടിവരും. ആ പൊല്ലാപ്പൊക്കെ കാണാൻ മന്ഥര കാണുമെന്നു വിചാരിക്കേണ്ട. ഈ കിഴവി ആത്മഹത്യ ചെയ്തുകളയും

അതിനുമുമ്പു്. നല്ലകാലും പെരികാലും കാണാൻ
ഉള്ളിൽ തുള്ളിയെങ്കിലും ക്രൂരുള്ളവക്കൊക്കുന്നാതെ
ങ്ങനെ?

കൈകേയി:—(മനസ്സും മുഖവും വാടിയിട്ടു്) ങ്‌ഹേ
എന്റെ ശ്രീരാമൻ എന്നെ വഞ്ചിക്കുമോ! വില
പ്പെട്ടതെന്തു കിട്ടിയാലും മററാർക്കും കൊടുക്കാതെ
എനിക്കുമാത്രം തരുന്ന ആ കുമാരൻ എന്നെ കഷ്ട
പ്പെടുത്തുമെന്നോ! സ്നേഹവും മതിപ്പും മാത്രം ഇതു
വരെ എന്നോടു കാട്ടിയിട്ടുള്ള ജ്യേഷ്ഠത്തി—
ഹാ ഞാനിതെല്ലാം എങ്ങനെ വിശ്വസിക്കണം!

മന്ഥര:—ഞാൻ ഇന്നും ഇന്നലെയുമല്ല ദേവി ഈ
മണ്ണിൽ പിറന്നതു്. ദേവികണ്ടിട്ടുള്ളതിനെക്കാൾ
ഞാൻ ഈ ലോകം കണ്ടിട്ടുണ്ടു്. തൻകാര്യത്തിൽ
കവിഞ്ഞു് ഏതിനെങ്കിലും നോട്ടമുള്ള മനുഷ്യർ
ഈ പരന്നലോകത്തു് പൊട്ടിമുളച്ചിട്ടില്ല. സ്നേഹ
വും ബഹുമാനവുമെല്ലാം സ്വാർത്ഥം സാധിക്കാനുള്ള
കുറുക്കുവഴികളല്ലേ ദേവി. ദേവിയോടാണു് വലിയ
തമ്പുരാനു് അങ്ങേയററത്തെ സ്നേഹമുള്ളതെന്ന
ല്ലേവയ്പു്? എന്നിട്ടു്, ദേവിയുടെ പുത്രനെ സൂത്ര
ത്തിൽ അകലത്താക്കിയിട്ടു്, കൗസല്യാദേവിയുടെ
മകനെ ചെങ്കാലണിയിക്കാൻ വട്ടംകൂട്ടുന്നതെ
ന്തിനു്? മഹാരാജാവു് തിരുമനസ്സിലേയ്ക്കു് ദേവി
യോടു് അതിരററ സ്നേഹമുണ്ടെന്നു തെററിദ്ധരി
പ്പിക്കുന്നതുകൊണ്ടല്ലേ ദേവിയെ വശീകരിക്കാൻ
കൗസല്യാദേവിയും രാമകുമാരനും ഈ ബഹു

മാനവും ആദരവും കാണിക്കുന്നതു്? വാസ്തവത്തിൽ, ദേവി മുഖേന രാജപ്രീതി സമ്പാദിക്കാനല്ലേ അവർ ഈ അടവത്രയും പ്രയോഗിക്കുന്നതു്? ഇതൊന്നുമറിയാതെ ഉണ്ടുമുറങ്ങിയും അണിഞ്ഞൊരുങ്ങിയും തമ്പുരാനെ രസിപ്പിച്ചും കഴിയുന്നദേവിക്കു് അല്പം പുത്രസ്നേഹമുണ്ടായിരുന്നെങ്കിൽ—

കൈകേയി:—നിറുത്തു മന്ഥരേ!. എന്നെ ഭ്രാന്തു പിടിപ്പിക്കാതെ.

മന്ഥര:—ഭ്രാന്താണു ദേവി ഇതിലും ഭേദം. സ്വബോധത്തോടുകൂടിയിരുന്നു് ആത്മനാശം വരുത്തുന്നതിനെക്കാൾ, എത്രയോ ഉത്തമം, ഐശ്വര്യവും ആപത്തും ഉദ്ഗതിയും അധഃപതനവും തിരിച്ചറിയാനാവാതെ, ഉന്മാദിനിയായി അലയുക!

കൈകേയി:—ഹാ! എന്റെ അടഞ്ഞിരുന്ന കണ്ണുകൾ തുറന്നതുപോലെ തോന്നിപ്പോകുന്നു. എന്റെ മന്ഥര എന്നെ ഇന്നു രക്ഷിച്ചു!.

മന്ഥര:—രക്ഷിക്കാനുള്ളതു് ജഗദീശ്വരനാണു തമ്പുരാട്ടി. ഈ അഗതിയായ വൃദ്ധയായ സാമ്രാജ്യം വാഴേണ്ട ദേവിക്കു തുണ. പക്ഷേ 'താൻ പാതി ദൈവം പാതി' എന്നല്ലേ ആപ്തവാക്യം. ഈശ്വരനെമാത്രം കുറിപിടിച്ചു്, അവനവൻ ചെയ്യേണ്ടതു ചെയ്യാതിരിക്കുക പാപമാണു്.

കൈകേയി:—എന്നാലും മന്ഥരേ, രാജാജ്ഞയ്ക്കു് എതിരുനിൽക്കാൻ നമുക്കു കരുത്തുണ്ടോ?

മന്ഥര:—കരുത്തുണ്ടു എന്നു ഇപ്പോൾ പരീക്ഷിക്കണം. ഇപ്പോഴാണു പരീക്ഷിക്കേണ്ടതു്. ഭാഗ്യം നിർണ്ണയിക്കുന്ന മുഹൂർത്തമാണിതു്.

കൈകേയി:—എന്തുവേണമെന്നു് ഒരു രൂപവും കിട്ടുന്നില്ല മന്ഥരേ.

മന്ഥര:—വലിയതമ്പുരാൻ എന്നും കൊട്ടിഘോഷിക്കാറുള്ള ആ പ്രേമം യഥാർത്ഥത്തിൽ ആ തിരുമേനിക്കുണ്ടോ ഇല്ലയോ എന്നറിയണം. ഉണ്ടെങ്കിൽ നാളത്തെ രാമാഭിഷേകം അദ്ദേഹം നിറുത്തിവച്ചിട്ടു് ഭരതകുമാരനെ യുവരാജാവായി പട്ടംകെട്ടിക്കണം.

കൈകേയി:—അതിനു തിരുമേനി വിസമ്മതിച്ചാൽ—ഈ വിഘ്നത്തിനൊരുങ്ങുന്ന എന്നോടു് രാമകുമാരനുംമററും എന്തൊരു നീരസവും വെറുപ്പുമായിരിക്കും ഉണ്ടാവുക! ആ ദ്വേഷം എന്റെയും എന്റെ ഉണ്ണിയുടേയും ഭാവിയെ കൂടുതൽ കറുപ്പിക്കുകയില്ലേ?

മന്ഥര:—ഒരിക്കലുമില്ല. ദേവിയുടെ ആശ സഫലമാവുകതന്നെചെയ്യും. പക്ഷേ ദേവി ആവശ്യപ്പെടുന്ന വരങ്ങൾ സാധിച്ചുതരാമെന്നു് തിരുമേനി ഏററതിൽപിന്നീടുമാത്രമേ അന്തർഗതം ഉണർത്തിക്കാവൂ അന്നത്തെ ആ പ്രതിജ്ഞയില്ലേ—യുദ്ധക്കളത്തിൽ വച്ചു് തേരിന്റെ ചാവി ഊരിത്തെറിച്ചപ്പോൾ ദേവി അക്ഷദ്വാരത്തിൽ കൈവിരൽ കടത്തി തിരുമനസ്സിലെ മാനവും പ്രാണനും രക്ഷിച്ചതിനു സമ്മാനമായി, ഇഷ്ടമുള്ള രണ്ടു വരം

സഫലമാക്കാമെന്നു് മഹാരാജാവുചെയ്ത ആ പ്രതിജ്ഞ. അതിൽ മുറുകെപ്പിടിച്ചാൽ സത്യഭ്രഷ്ടനായ തിരുമേനിക്കു് ഒഴിഞ്ഞുമാറാൻ പററുകയില്ല.

കൈകേയി:—ഹാ! മന്ഥരയുടെ മഹത്തായ ഈ സഹായത്തിനു് ഞാൻ എങ്ങനെ പ്രത്യുപകാരം ചെയ്യും! അതേ, ആ പ്രതിജ്ഞയാണു് എന്റെ ബലം. എന്റെ ശുദ്ധഹൃദയത്തെ ചൂഷണംചെയ്തു് എന്നെ കബളിപ്പിക്കാൻ തയാറായ ആളുകളെ ഞാൻ വരവരച്ചു് അതിനകത്തു നിറുത്തി നേടേണ്ടതുനട്ടം. അടുത്ത അയോദ്ധ്യാപതി രാമനല്ല; ഭരതനാണു്. നിശ്ചയം.

മന്ഥര:—ദേവീ, മന്ഥര സദാ സംശയാലുവാണെന്നു പഴിക്കരുതു്. ഭരതൻ കൊച്ചുതമ്പുരാൻ യുവരാജാവായതുകൊണ്ടുമാത്രം നാം സുരക്ഷിതരാകുമോ എന്നു് ഇയ്യുള്ളവൾക്കു് ഒരു ശങ്ക.

കൈകേയി:—എന്താണു സുരക്ഷിതമല്ലാത്തതു്? രാജ്യത്തിലെ സമസ്ത വിഭവങ്ങളും കൈയ്യുള്ളിലൊതുങ്ങിയാൽ ഭരതനു പിന്നെ എന്തുണ്ടു പേടിക്കാൻ?

മന്ഥര:—പലതുമുണ്ടു്. രാമകുമാരൻ തലസ്ഥാനത്തോ ഈ രാജ്യത്തു് എവിടെയെങ്കിലുമോ ഉള്ളപക്ഷം വെറുതേയിരിക്കുമെന്നു കരുതരുതു്. ബുദ്ധിവിധേനയും ജനങ്ങളിൽ ഒരു വിഭാഗത്തെ ഇളക്കിവിട്ടു്, ഭരതകുമാരന്റെ ഭരണത്തെ ദുർബലവും അസ്വസ്ഥവുമാക്കിക്കളയും.

കൈകേയി:—അതുകൊണ്ടു്? അതുകൊണ്ടു് എന്തുഭവി
ക്കണമെന്നാണു് മന്ഥര സൂചിപ്പിക്കുന്നതു്? എളുപ്പം
പറയൂ.

മന്ഥര—രണ്ടാമത്തെ വരംമുഖേന രാമകുമാരനെ
പതിനാലുവർഷം വനവാസിയാക്കണം.

കൈകേയി:—അതത്ര ശരിയാണോ മന്ഥരേ? കടന്ന
കൈയല്ലേ അതു്? ഭരതൻതന്നെ അതു സമ്മതിക്കു
മോ? ജനങ്ങൾ ആ കൃത്യം സഹിക്കുമോ? അത്രയുമല്ല
രാമൻ എന്തു പിഴച്ചു?

മന്ഥര:—ഉദ്ദേശിച്ചതു ഫലിക്കണമെങ്കിൽ കടന്ന കൈ
ചിലപ്പോൾ വേണ്ടിവരും. ജയം ഭീരുക്കൾക്കു
കിട്ടുന്ന ഒന്നല്ല.

കൈകേയി:—ഏതായാലും കൈകേയി ഉറച്ചുകഴിഞ്ഞു.
അതിനിളക്കമില്ല. പിൻവാങ്ങാൻ തയാറുമില്ല.
എന്റെ വത്സനു് അടങ്ങണം ഈ അയോദ്ധ്യ.
അതിനു് എന്തു പ്രതിബന്ധമുണ്ടായാലും ഞാൻ
തട്ടിത്തകർക്കും വത്ര മന്ഥരേ. നാളതുവരെ വഞ്ചി
തയായിരുന്ന എന്നെ പ്രബുദ്ധയാക്കിയ ഉപകർ
ത്രിക്കു് ഇഷ്ടമുള്ള സമ്മാനംതരാം ഞാൻ.

മന്ഥര:—ഈ വൃദ്ധധാത്രിക്കുവേണ്ട സമ്മാനം ദേവി
യുടെ ഐശ്വര്യം മാത്രമാണു്.

കൈകേയി:—ആ സമ്മാനം പിന്നീടു്. അതുവരെ ഈ
സ്വർണ്ണനൂപുരം അണിഞ്ഞുകൊള്ളൂ.

(കൈകേയി സ്വർണ്ണനൂപുരം സമ്മാനിക്കുന്നു. മന്ഥര
ചാരിതാർത്ഥ്യപൂർവ്വം അതു സ്വീകരിക്കുന്നു.)

യവനിക

രംഗം രണ്ടു്

(മുൻരംഗത്തിലെ സംഭാഷണം കഴിഞ്ഞിട്ടു് അധികം സമയമായിട്ടില്ല. കൈകേയി വില പിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളും ഉപേക്ഷിച്ചു്. കരഞ്ഞുകലങ്ങിയ കണ്ണുകളോടും അഴിഞ്ഞുലഞ്ഞ തലമുടിയോടുംകൂടി നിലത്തുകിടക്കുകയാണു്. താപകോപങ്ങൾ മാറിമാറി അവളുടെ മുഖത്തു് പ്രത്യക്ഷപ്പെടുന്നു. കൈകേയിയുടെ സമീപത്തു് വൃദ്ധനും വിവശനുമായ ദശരഥനെ കാണാം. കൂടക്കൂടെ പ്രിയതമയെ തലോടുകയും സാന്ത്വനപ്പെടുത്തുകയും അവളുടെ കണ്ണുനീർ തുടയ്ക്കുകയും ചെയ്തുകൊണ്ടു ആ രാജാവു് നിലത്തിരിക്കുന്നു.

ദശരഥൻ:—പ്രിയേ കൈകേയി ഭയമുണ്ടായി ഒന്നു പറയൂ ഞാൻ എന്തുവേണമെന്നു്. ഈ കാഴ്ച ഞാൻ എങ്ങനെ കണ്ടുകൊണ്ടിരിക്കും! ദുഃഖത്തിന്റെ ചെറുനിഴൽപോലും ഇന്നുവരെ പതിഞ്ഞു കണ്ടിട്ടില്ലാത്ത ഈ മുഖം ഈ നിലയിൽ വാടിക്കരിയാൻ എന്തുണ്ടായി എന്നു് ഭവതി പറയുകയില്ലേ?

കൈകേയി:—പറയുന്നതുകൊണ്ടു പ്രയോജനമില്ലാത്ത സ്ഥിതിക്കു് എന്തിനു ഞാൻ തിരുമേനിയെ അസഹ്യപ്പെടുത്തുന്നു? ഞാനു ഇങ്ങനെ കരഞ്ഞുകരഞ്ഞു മരിച്ചുകൊള്ളാം. ആരും എന്നെക്കൊണ്ടു വിഷമിക്കേണ്ട. വിഷമിച്ചുകൂടാ.

ദശരഥൻ:—പ്രയോജനമില്ലെന്നു് ആരുപറഞ്ഞു? പ്രിയതമേ, കൈകേയീ, ഭവതിയുടെ സുഖത്തിനുവേണ്ടി ഞാൻ എന്തും ചെയ്യും. ആരാണു് ഭവതിയുടെ സന്താപത്തിനു കാരണം എന്നു് അറിയിച്ചുകൊള്ളുകയേ വേണ്ടൂ. അറിയിക്കുന്ന നിമിഷം ഈ ദശരഥൻ അയാളെ നരകം കാണിക്കുന്നുണ്ടു്.

കൈകേയി:— ആരും ആരെയും കുററപ്പെടുത്തിയിട്ടു് കാൎയ്യമില്ല. തിരുമേനി. എന്റെ ദുർവിധിക്കു് അന്യരെ പഴിച്ചിട്ടെന്തുനേടാനാണു്! (കണ്ണുനീരൊഴുക്കുന്നു.)

ദശരഥൻ:— പ്രാണപ്രിയേ, ഈ കണ്ണുനീർ എന്നെ ജീവനോടെ ദഹിപ്പിക്കുകയാണെന്നു ഭവതിക്കറിഞ്ഞുകൂടേ? ഞാൻ എന്തും സഹിക്കും. ഏതാപത്തിനേയും ധീരമായി നേരിടും. ഏതു നഷ്ടവും തൃണവൽഗണിക്കും. പക്ഷേ എന്റെ കൈകേയിയുടെ മുഖത്തു് ഒരുതുള്ളിക്കണ്ണുനീർ വീഴുന്നതു ഞാൻ പൊറുക്കുകയില്ല. എനിക്കുള്ള എന്തും ത്യജിക്കും ആ കണ്ണുനീർ ഒഴിവാക്കാൻ. (കണ്ണുനീർ തുടയ്ക്കുന്നു.)

കൈകേയി - ഈ മധുരവാക്കുകൾ ഞാൻ എത്ര വർഷമായി കേൾക്കാൻതുടങ്ങിയിട്ടു ! എന്നിട്ടെന്തു ഫലമുണ്ടായി !

ദശരഥൻ.— എന്തു്? ഞാൻ മധുരവാക്കുപറഞ്ഞു വഞ്ചിക്കുന്നവനെന്നോ! ഭവതിയുടെ ആഗ്രഹങ്ങൾ സാധിച്ചുതരാൻ എനിക്കു കഴിഞ്ഞിട്ടില്ലെന്നോ! ഇത്രമാത്രം ക്രൂരയാണോ എന്റെ കൈകേയി. മനുഷ്യസാധ്യമായ ഏതു കാര്യവും ഭവതിക്കുവേണ്ടി ചെയ്യാൻ ഈ പാദദാസൻ സന്നദ്ധനായിരിക്കെ, ഇങ്ങനെ സ്നേഹശൂന്യമായി സംസാരിക്കാൻ ഭവതിക്കു് എങ്ങനെ ധൈര്യമുണ്ടായി!

കൈകേയി:— വാഗ്ദാനംചെയ്ത കാൎയ്യമെങ്കിലും നിറ

ദാററിയാൽ മതിയായിരുന്നു. മറെറാന്നും ഞാൻ ആവശ്യപ്പെടുന്നില്ല.

ദശരഥൻ: - ഏതു വാഗ്ദാനം? ഒന്നോമ്മിപ്പിച്ചു തരൂ. ഈ മാത്രയിൽ ദശരഥൻ അതു നിറവേററും.

കൈകേയി:— ഇതിൽനിന്നുതന്നെ ബോദ്ധ്യമായി തിരുമേനിയുടെ സ്നേഹത്തിൻെറ സ്വരൂപം. വാഗ്ദാനം ചെയ്തതെന്താണെന്നുപോലും അവിടുത്തേയ്ക്ക് ഇന്നു് ഓമ്മയില്ലാതെപോയല്ലോ! അപ്പോൾ പിന്നെ അതിനെപ്പററിപറഞ്ഞിട്ടെന്തുവിശേഷം! വേണ്ട; എനിക്കൊന്നും സാധിക്കേണ്ടതില്ല. അവിടുന്നു് ബുദ്ധിമുട്ടുകയും വേണ്ട.

ദശരഥൻ: നൂറുക്കൂട്ടം കാര്യങ്ങൾ നിത്യവും ഓമ്മിക്കേണ്ടിയിരിക്കുന്ന ഈ വൃദ്ധനെപററിയ മറവി ഭവതി ക്ഷമിക്കുകയില്ലേ? രാജ്യഭരണത്തിനു വേണ്ട പ്രാപ്തി സമ്പാദിച്ചു തുടങ്ങിയതുകണ്ടല്ലേ കുമാരനെ യുവരാജാവായി അഭിഷേകം ചെയ്യാൻ പെട്ടെന്നു തീരുമാനിച്ചതു? അതുപോകട്ടെ. പറയൂ വാഗ്ദാനം എന്തെന്നു്. അതു നിറവേററിച്ചിട്ടേ ഇനി ദശരഥനു വിശ്രമമുള്ളു.

കൈകേയി:— അന്നു്, പല വർഷം മുമ്പു്, പടനിലത്തിൽ നാം ഒരുമിച്ചുണ്ടായിരുന്നപ്പോൾ—

ദശരഥൻ:—ഓ! ശരി ശരി; ഇനിയൊന്നും പറയേണ്ട ഹാ! അന്നു് എൻെറ പ്രിയതമയില്ലായിരുന്നുവെങ്കിൽ—എന്തൊരു ധീരതയും ത്യാഗവും ബുദ്ധിയുമാണു് ദേവി ആ അപായം നിറഞ്ഞ അവ

സരത്തിൽ പ്രദർശിപ്പിച്ചതു്! ഓർക്കുമ്പോൾ എനിക്കു രോമാഞ്ചം ഉണ്ടായിപ്പോകുന്നു!

കൈകേയി:— അന്നു പ്രതിജ്ഞചെയ്ത ആ വരങ്ങൾ രണ്ടും ഇതാ ഇത്രയും സംവത്സരംകഴിഞ്ഞു ഞാനാ ആവശ്യപ്പെടുകയാണു്.

ദശരഥൻ:— കേൾക്കേണ്ട താമസമേ ഉള്ളൂ. ഇനി ഞാൻ അക്ഷമനാണു്. ഉടൻതന്നെ പറയൂ.

കൈകേയി:— സാധിക്കുമെന്നു് ഉറപ്പുകിട്ടിയാൽ മാത്രമേ ഞാൻ പറയുകയുള്ളൂ.

ദശരഥൻ:— എന്തു്! ദശരഥന്റെ സത്യവ്രതത്വം ഭവതിക്കു അപരിചിതമെന്നോ? ആത്മബലിചെയ്തും സത്യം രക്ഷിക്കുന്ന രഘുവംശത്തിലല്ല ഞാൻ ജനിച്ചതെന്നാണോ ഭവതിയുടെ വിചാരം?

കൈകേയി:— സന്ദേഹം ഉണ്ടായിട്ടു പറയുകയല്ല തിരുമേനി.

ദശരഥൻ:— സംശയമില്ലെങ്കിൽ പിന്നെ ഉറപ്പിന്റെ ആവശ്യം?

കൈകേയി:— ക്ഷമിക്കണം. സ്ത്രീകളല്ലേ. അവർക്കു സംശയം കൂടപ്പിറപ്പാണു്. പലപ്പോഴും സകാരണമായും ചിലപ്പോൾ അകാരണമായും അവർ സംശയിച്ചു പോകും.

ദശരഥൻ:— കൈകേയി അത്തരം സ്ത്രീകളെപ്പോലെ ചാപലയല്ലെന്നായിരുന്നു എന്റെ അഭിമാനം. അതെങ്ങനെയോ ആകട്ടെ. എനിക്കറിയേണ്ടതു് ഇഷ്ടവരങ്ങൾ എന്തെല്ലാമാണെന്നാണു്.

കൈകേയി:—ആദ്യമായി ഞാൻ ആവശ്യപ്പെടുന്നതു് നാളത്തെ രാമാഭിഷേകം നിറുത്തിവച്ചു് ഭരതനെ യുവരാജാവായി പ്രഖ്യാപിക്കണമെന്നാണു്.

ദശരഥൻ: (വല്ലാതെ ഞെട്ടിയിട്ടു്) ഹെന്തു്! കളിയോ കാര്യമോ കൈകേയി ഇതു് ?

കൈകേയി:—ഉം ? അവിടുന്നു ഞെട്ടുന്നു; വിറയ്ക്കുന്നു എന്തിനു്? കളിയും കാര്യവും വകതിരിച്ചറിയാൻ തക്ക പ്രായവും വിവരവും എനിക്കുണ്ടു്: ഇത്രയും ഗൗരവങ്ങളോടുകൂടി ഒന്നുംതന്നെ ഈ ആയുസ്സിനിടയ്ക്കു് ആരോടും പറഞ്ഞിട്ടില്ല.

ദശരഥൻ:—(അത്യധികം ദീനനാകുന്നു) ഇതാവശ്യപ്പെടുന്നതു് ഞാൻ ഇത്രയും നാൾ അറിഞ്ഞിരുന്ന എന്റെ പ്രിയതമയാണോ. രാമന്റെ വത്സല മാതാവാണോ.

കൈകേയി:—രണ്ടുമല്ലെന്നു പറഞ്ഞാലും എനിക്കു വിരോധമില്ല. ഒരു പക്ഷേ രണ്ടുമല്ല എന്നതാകാം ശരി. ഞാൻ ഭരതന്റെ അമ്മയാണു്—അമ്മ മാത്രമാണു്. അതു സത്യമാണെന്നു് അവിടുന്നു സമ്മതിക്കുമല്ലോ.

ദശരഥൻ:—രാമചന്ദ്രൻ ഭവതിയോടു് എന്തു പിഴച്ചു? എല്ലാ പുത്രരിലുംവച്ചു് രാമചന്ദ്രനോടാണു ഭവതിക്കു് അധികം സ്നേഹമുള്ളതെന്നു് എത്രതവണ എന്നോടു പറഞ്ഞിട്ടുണ്ടു് ?

കൈകേയി:—എന്റെ മനംമാറ്റമല്ല ഇപ്പോഴത്തെ സംസാരിക്കുന്ന വിഷയം; അവിടുന്നു് സത്യം പരിപാ

ലിക്കാൻ ഒരുക്കമുണ്ടോ ഇല്ലയോ എന്നതാണു്.
എനിക്കു് അത്രമാത്രം അറിഞ്ഞാൽ മതി.

ദശരഥൻ:— അയോദ്ധ്യയ്ക്കു് അലങ്കാരവും എന്റെ വംശത്തിന്റെ കെടാവിളക്കും സർവ്വസൽഗുണങ്ങൾക്കും വിളനിലവുമായ രാമചന്ദ്രനു ഭവതിക്കു മാത്രം ശത്രുവായെന്നോ; ഹാ! ഈശ്വരാ! ഈ ധർമ്മസങ്കടം ഞാനെങ്ങനെ താങ്ങും! രാമാഭിഷേകം കാണാൻ ഇമവെട്ടാതെ കാത്തിരിക്കുന്ന, സമയം നീങ്ങുന്നില്ലല്ലോ എന്നു ശപിച്ചുകൊണ്ടു രാത്രി തള്ളിനീക്കുന്ന അയോദ്ധ്യയെ ഞാൻ എങ്ങനെ ഈ വൃത്താന്തം അറിയിക്കും!

കൈകേയി:— അയോദ്ധ്യയ്ക്കു ഭരതനും കണ്ണിലുണ്ണിതന്നെയാണു്. രാമനോടുള്ള പക്ഷപാതംകൊണ്ടു അവിടത്തേയ്ക്കു് അറിയാൻ സാധിക്കുന്നില്ലന്നേ ഉള്ളൂ

ദശരഥൻ:— ഹാ! രാമചന്ദ്രാ! ഹാ! പ്രജകളേ! കഠിനഹൃദയയായ കൈകേയീ! ഭവതി മറ്റെന്തുവേണമോ ആവശ്യപ്പെട്ടുകൊള്ളൂ—പക്ഷേ ഇതു മാത്രം—

കൈകേയി:— ഇനി ഒരു വരംകൂടി എനിക്കു് ആവശ്യപ്പെടാനുണ്ടു്. രാമകുമാരൻ പതിന്നാലുവർഷം അയോദ്ധ്യവിട്ടു വനത്തിൽ പാർക്കണം.

ദശരഥൻ:— അയ്യോ! എന്തെല്ലാമാണു ഞാൻ കേൾക്കുന്നതു്! എന്റെ സർവശക്താ! ഞാനെന്തുപാപം ചെയ്തു ഈ ഇടിത്തീ എന്റെ തലയിൽ വീഴുവാൻ! ഹാ! ഞാൻ എന്റെ കൊട്ടാരത്തിൽ ഇക്കാലമ

ത്രയും ഒരു പെൺചെന്നായെ ആണോ വളർത്തിക്കൊണ്ടിരുന്നതു് !

കൈകേയി:— ഞാൻ ചെന്നായോ പുലിയോ സിംഹമോ എന്തുതന്നെയോ ആകട്ടെ ഏതുമൃഗത്തിനും സ്വസന്താനത്തോടു സ്നേഹം തോന്നുകയില്ലേ.

ദശരഥൻ:— വേണ്ടാ ഒരക്ഷരം മിണ്ടിപ്പോകരുതെന്നോട്. എനിക്കു സഹിക്കാൻവയ്യ. ഹാ! ഈ ഭാഗ്യഹീനൻ ഇവിടെ ഇക്ഷണം വീണു മരിച്ചിരുന്നെങ്കിൽ! ഒരു കാളസർപ്പത്തെ പൂമാലയായിക്കരുതി ഒരായുസ്സു മുഴുവനും അണിഞ്ഞുകൊണ്ടു നടന്നവിവരംകെട്ട ഞാൻ ഇന്നു് ആരോടു പരാതിപ്പെടാനാണു്! (കൈകേയിയെ രൂക്ഷമായി നോക്കിക്കൊണ്ടു) ഞാൻ മരിക്കാം; നിന്റെ കൈകൊണ്ടു മരിക്കാം; ഈ നിമിഷം മരിക്കാം. പരിശുദ്ധനും നിരപരാധിയും സ്നേഹശീലനുമായ എന്റെ പൊന്നോമനക്കുമാരനെ ഞാൻ കാട്ടിലയയ്ക്കുന്നതിനെക്കാൾ എത്രയോ ഭേദമാണു് മൂത്തു നരച്ച ഈ നിർഭാഗ്യവാൻ ചത്തൊടുങ്ങുന്നതു്! അതുപോരെ കൈകേയി നിന്റെ പാപാസക്തി ശമിക്കാൻ?

കൈകേയി:— ഇങ്ങനെ മറിച്ചും തിരിച്ചും പറയുന്നതിനെക്കാൾ നല്ലതല്ലേ വരങ്ങൾ തരാൻ സാദ്ധ്യമല്ലെന്നു വെട്ടിത്തുറന്നു പറയുന്നതു്? പറയാനും ധൈര്യമുണ്ടെങ്കിൽ ദശരഥമഹാരാജാവിന്റെ സത്യനിഷ്ഠ എപ്രകാരമുള്ളതെന്നു ലോകം അറിയട്ടെ.

ദശരഥൻ:— ഈ സാമ്രാജ്യം മുഴുവനും നിന്റെ കാല്ക്കൽ ഞാൻ കാഴ്ചവയ്ക്കാം. ലൗകികൈശ്വര്യങ്ങൾ സമ

സ്വവും ഞാൻ നിന്റെ മുമ്പിൽ വിളമ്പിത്തരാം. എന്റെ കുഞ്ഞിനെ നാട്ടിൽനിന്നാട്ടിപ്പായിക്കാതിരുന്നാൽ മാത്രം മതി. ഹാ ! ഞാൻ എങ്ങനെ രാമനെപ്പിരിഞ്ഞിരിക്കും! തമ്മിൽ കാണാൻ കഴിയാത്ത ഒരു ദിവസം ഒരു യുഗമെന്നു തോന്നുന്ന എനിക്കു് നീണ്ടു നീണ്ട പതിന്നാലു വർഷക്കാലം എങ്ങനെ രാമനെക്കാണാതെ ജീവിക്കാൻപററും? അരമനയിലെ ജീവിതംമാത്രം പരിചയിച്ചിട്ടുള്ള എന്റെ കുട്ടി ഘോരമൃഗങ്ങളുടെ നടുക്കു, ഫലമൂലങ്ങൾ ഭക്ഷിച്ചും പാറപ്പുറത്തു് ഉറങ്ങിയും കഴിയണമെന്നോ! ഹാ ഭക്തവത്സലാ ! ജഗന്നായകാ! നിന്തിരുവടിക്കു് അടിയനോടു് ഇത്ര കരുണയില്ലാതായോ! (മോഹാലസ്യപ്പെട്ടുവീഴുന്നു) കൈകേയി അചഞ്ചലചിത്തത്തോടെ രാജാവിന്റെ മുഖത്തു് ജലംതളിക്കുന്നു. കുറേക്കഴിഞ്ഞു് ദശരഥൻ ഉണരുന്നു.)

ദശരഥൻ:—പോവൂ എന്റെ അടുത്തുനിന്നും.

കൈകേയി:—പോകുന്നതിനു മുമ്പു് എനിക്കു രണ്ടിലൊന്നറിയണം.

ദശരഥൻ:—ആരുമില്ലേ ഈ പിശാചിയുടെ വായിൽനിന്നു് എന്നെ രക്ഷിക്കാൻ. ആരവിടെ ?

കൈകേയി:—അധർമ്മപ്പിശാചിന്റെ പിടിയിലാണു വംസ്വത്തിൽ തിരുമേനി അകപ്പെടാൻ പോകുന്നതെന്നുകൂടി ഓർത്തുകൊള്ളണം.

ദശരഥൻ:—ഹാ! രാമാ, കുമാരാ, നിന്റെ മുഖത്തുനോക്കി ഞാനെങ്ങനെ പറയും! എങ്ങനെ പറയും! (കൈ

കേയിയെരനോക്കി) ദൗഷ്ടി ഘാതകി, മൂന്നു ഭാര്യ മാരിലുമധികം നിന്നെ സ്നേഹിച്ചതിനുള്ള ശിക്ഷ യായിട്ടാണോ നീ എന്റെ ഹൃദയം പിളർന്നുകള ഞ്ഞതു്?

കൈകേയി.— എന്നെ ഏററ സ്നേഹിച്ചതിനു ദ്രോഹമ ല്ലേ എന്റെ മകനെ വല്ലേടവും പറഞ്ഞയ ച്ചിട്ടു്, രാജ്യം രാമനും അതമറിയാതെ രാമനു് അഭിഷേകം നിശ്ചയിച്ചതു്? ഈ വഞ്ചനക്കു് സമാധാനമായി അങ്ങേയ്ക്കു എന്തുപറവാനുണ്ടു്? കപടസ്നേഹം മുഖക്കൂർ കഴുതയെപ്പോലെ ഞാനും സാമ്രാജ്യം ഭരിക്കാൻ കൌസല്യാദേവി യും!—ഇതല്ലേ അങ്ങു മനസ്സിൽ കണ്ടിരുന്ന സൂത്രം?

ദശരഥൻ:—ഹാ! എന്തെല്ലാം തെററിദ്ധാരണകൾ!

കൈകേയി:—അതേ, ഞാൻ എന്തെല്ലാം തെററിദ്ധ രിച്ചു! പക്ഷെ ഈശ്വരാനുഗ്രഹം ഞാൻ മോഷിയല്ലാഞ്ഞ തുകൊണ്ടു ഒടുവിലെങ്കിലും രക്ഷപ്പെട്ടു.

ദശരഥൻ:—ഈ രക്തയക്ഷിയുടെ സഹായം അന്നുണ്ടാ കാതെ ആ രണഭൂമിയിൽവച്ചു ഞാൻ മരിച്ചിരു ന്നെങ്കിൽ! ഹാ! ആ ഭാഗ്യം എനിക്കില്ലാതെ പോയി!

കൈകേയി:—ഉണ്ടാകാഞ്ഞതുപറഞ്ഞു് കാലവിളംബം വരുത്തിയാൽ ഫലമില്ല. അങ്ങു പട്ടാഭിഷേകം നിറുത്തിവയ്ക്കുമോ? രാമനെ വനവാസത്തിനു നിയോഗിയ്ക്കുമോ? ഈ രണ്ടു ചോദ്യത്തിനും എനിക്കു വ്യക്തമായ ഉത്തരം കിട്ടണം.

ദശരഥൻ:—അയ്യോ! എന്റെ തല കറങ്ങുന്നു. ശരീരവും ആത്മാവും ഒരുപോലെ നീറിപ്പൊരിയുന്നു. സത്യമോ പുത്രസ്നേഹമോ ഏതാണു കൂടുതൽ വിലപ്പെട്ടതെന്നു നിശ്ചയപ്പെടുത്താനാവാതെ ഞാനു കുഴങ്ങുന്നു. ഈ നട്ടക്കൊലിയിലെ കയങ്ങളിലിതാ ഞാൻ താണുതാണുപോകുന്നു. (വീണ്ടും മോഹാലസ്യപ്പെടുന്നു.)

യവനിക.

രംഗം മൂന്നു്

(പിറേറ ദിവസം പ്രഭാതം തന്റെ നിലയത്തിലുള്ള ദേവീവിഗ്രഹത്തിനു മുമ്പിൽ കൗസല്യ ആരാധന നടത്തിക്കൊണ്ടിരിക്കുന്നു. കുറേകഴിഞ്ഞു് കൗസല്യ എഴുന്നേൽക്കുന്നു. അപ്പോൾ സീത ആ മുറിയിൽ കടന്നുവരുന്നു.)

കൗസല്യ:—ദേവിയെ നമസ്കരിക്കൂ മകളേ

സീത:—(നമസ്കരിക്കുന്നു.)

കൗസല്യ:—"ദുർഗ്ഗേ ഭഗവതി ദുഃഖവിനാശിനി
ഭക്തി നീക്കിത്തുണച്ചീടുകംബികേ
സർഗ്ഗസ്ഥിതിലയകാരിണി മാതാവേ
തൽകൃപയെപ്പോഴുമുണ്ടായ്‌വരേണമേ."

(ഭക്തിമയമായ സ്വരത്തിൽ ഈ വരികൾ ചൊല്ലിക്കഴിയുമ്പോഴേയ്ക്കും സീത നമസ്കാരാനന്തരം എഴുന്നേല്ക്കുന്നു.)

കൗസല്യ:—രാമചന്ദ്രൻ അഭിഷേകശാലയിലേയ്ക്കു പോയ്ക്കഴിഞ്ഞില്ലേ മകളേ?

സീത:—ആര്യപുത്രൻ കൈകേകയിയമ്മയുടെ കൊട്ടാരത്തിലേയ്ക്കു തിരക്കിട്ടു പോയിരിക്കുകയാണു്.

കൗസല്യ:—എന്തു്? കൈകേയി അമ്മയുടെ കൊട്ടാര

ആല്ലോ? ഇന്നു രാവിലെ അഭിഷേകശാലയിൽ പോകേണ്ട രാമചന്ദ്രൻ കൊട്ടാരത്തിൽ പോകാൻ കാരണം?

സീത:—അച്ഛനെ മുഖം കാണിക്കാൻ ആജ്ഞ കിട്ടിയതുകൊണ്ടാണത്രേ അങ്ങോട്ടേയ്ക്കു പോയതു്.

കൌസല്യ:—അവിടുന്ന് ആരമായിതിരുമനസ്സുകൊണ്ടു രാമചന്ദ്രനെ കാണുന്നതു് എന്തിനാണാവോ?

സീത:—അതൊന്നും പട്ടക്കാരൻ പറഞ്ഞില്ലമ്മേ ഉടൻ ചെല്ലണമെന്നായിരുന്നു കല്പന.

കൌസല്യ:—എന്റെ മനസ്സ് എന്തുകൊണ്ടോ നില വിട്ടു പിടയുന്നു മകളേ.

സീത:—ആശങ്കയ്ക്കു യാതൊരു കാരണവുമില്ലാത്തപ്പോൾ അമ്മ എന്തിനു വിഷമിക്കുന്നു?

കൌസല്യ—ഒരു പക്ഷേ എന്റെ കുററം തന്നെയാകാം ഈ ചാഞ്ചല്യത്തിനു ഹേതു. അതിരറ്റ ആനന്ദം ചിലപ്പോൾ അശുഭാശങ്കയ്ക്കിട നൽകാറില്ലേ?

സീത:—ആര്യപുത്രൻ മടങ്ങിവരാറായെന്നു തോന്നുന്നു. അദ്ദേഹം വരുന്നതോടെ അമ്മയുടെ മനസ്സ് സ്വസ്ഥമായിക്കൊള്ളും.

കൌസല്യ:—രാമചന്ദ്രനെ കണ്ടുപഠിക്കണം നാമെല്ലാം. ഈ പ്രായത്തിൽ ഒരു സന്യാസിയുടെ സമചിത്തത കുമാരനുള്ളതേ ക്കൂ നമ്പ്രം എന്തെന്നില്ലാത്ത അഭിമാനം തോന്നുന്നു. പട്ടാഭിഷേകനിശ്ചയം ആദ്യമായി കേട്ടപ്പോൾ രാമചന്ദ്രൻ എന്റെ സമീപത്തുനിൽക്കുകയായിരുന്നു. അദ്ഭുതമെന്നല്ലാതെ

എന്തു പറയാനാണു്! ആ മുഖത്തു് യാതൊരു ഭാവഭേദവും കണ്ടില്ല. ഒരു മഹാസാമ്രാജ്യത്തിന്റെ അധീശ്വരനാകാൻ ഭാഗ്യം ലഭിച്ചതുകൊണ്ടുള്ള ആനന്ദാതിരേകമോ സ്വന്തം മേന്മയെപ്പററിയുള്ള അഹങ്കാരമോ ആർക്കും ആ സുന്ദരവദനത്തിൽ കാണാൻ കഴിഞ്ഞില്ല. തിരുമനസ്സിൽനിന്നു് മകനെ വിളിച്ചു് തന്റെ നിശ്ചയം രോമാഞ്ചത്തോടെ അറിയിച്ച അവസരത്തിലും രാമചന്ദ്രന്റെ ചിത്താവസ്ഥയും മുഖഭാവവും മുമ്പിലത്തെപ്പോലെതന്നെ ആയിരുന്നു.

സീത:—ജന്മാന്തരഗതമായ സംസ്കാരബലമാണമ്മേ ഈ സമനിലയ്ക്കു കാരണം. അന്നു് മിഥിലയിൽ വച്ചു്, ആരാലും സാദ്ധ്യമല്ലാത്ത ചാപഭഞ്ജനം ചെയ്തപ്പോഴും വലുതായൊന്നും സംഭവിക്കാത്ത മട്ടിൽ ആര്യപുത്രൻ നിന്ന ആ നിലപാടു് ഞാൻ ഓർത്തുപോകുന്നു. മിഥിലയിൽനിന്നു് അയോദ്ധ്യയിലേയ്ക്കു മടങ്ങുംവഴി, അമ്മയ്ക്കോർമ്മയില്ലേ ഭാർഗ്ഗവരാമന്റെ സാഹസംകണ്ടു് നാമെല്ലാം പേടിച്ചു വിറച്ചപ്പോഴും ആര്യപുത്രൻ ശാന്തമായും ദൃഢമായും ആ വിഘ്നത്തെ നേരിട്ടതു്? അതുപോലെ എത്രയെത്ര ദൃഷ്ടാന്തങ്ങളാണു ഞാൻ ദിവസവും കാണാറുള്ളതു്!

കൌസല്യ:—ആ സംസ്കാരനിധിയെ പ്രദാനംചെയ്ത ഭഗവതിയെ നമുക്കു കൈകൂപ്പി വന്ദിക്കാം. (രണ്ടുപേരും വന്ദിക്കുന്നു.)

(രാമൻ പ്രവേശിക്കുന്നു. കൗസല്യയും സീതയും ഇതിനകം വർണ്ണിച്ച മുഖഭാവമാണു് രാമനുള്ളതു്. വന്ന ഉടൻ അമ്മയെ വന്ദിക്കുന്നു. അനന്തരം ദേവീവിഗ്രഹത്തെയും.)

രാമൻ:—സീത നേരത്തെ ഇങ്ങു പോന്നുവോ?

കൗസല്യ.—അച്ഛനെ കാണണമെന്നു കല്പിച്ചതു് എന്തിനായിരുന്നു മകനേ?

രാമൻ:—അച്ഛൻ എനിക്കു ചെയ്ത ഒരു വലിയ ഉപകാരം എന്നെ അറിയിക്കാൻ.

കൗസല്യ:—ഉപകാരമോ? കുമാരനുവേണ്ടി ചെയ്യാവുന്നതെല്ലാം അച്ഛൻ ചെയ്തുകഴിഞ്ഞില്ലേ?

രാമൻ:—ഇല്ലമ്മേ ഇന്നു ചെയ്തതിൽ കൂടുതലായി അച്ഛൻ എന്നെ സഹായിക്കാനില്ല.

സീത:—പറയൂ ആര്യപുത്രാ, ഇന്നു് എന്തുണ്ടായി?

രാമൻ:—ഇന്നു ഞാൻ സ്വതന്ത്രനാണു സീതേ. എന്റെ ശിരസ്സിൽ അർപ്പിക്കുവാൻ അച്ഛൻ നിശ്ചയിച്ച മഹാഭാരം അദ്ദേഹംതന്നെവേണമെന്നുവച്ചു. പ്രജാഹിതമറിഞ്ഞു് അതനുസരിച്ചു രാജ്യം ഭരിക്കുക എത്ര ദുഷ്കരമാണമ്മേ!

കൗസല്യ:—(പരിഭ്രമത്തോടെ)എന്താണുണ്ണീ! എന്തെല്ലാമാണു് നീ പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല.

രാമൻ:—അമ്മ പരിഭ്രമിക്കേണ്ട ഇന്നത്തെ അഭിഷേകം അച്ഛൻ വേണ്ടെന്നുവച്ചു

കൗസല്യയും സീതയും:—(വിസ്മയത്തോടും സംഭ്രമത്തോ

ടുകൂടി) ഹെന്തു്! വേണ്ടെന്നുവച്ചുവോ! അഭിഷേകമോ? എന്തിനു്?

രാമൻ:—അതേ അമ്മേ ഉടനടി അഭിഷേക പരിപാടികൾ അവസാനിപ്പിക്കാൻ അച്ഛൻ ആജ്ഞാപിച്ചു. ആ വിവരം അറിയിക്കാനാണു് അദ്ദേഹം എനിക്കു് ആളയച്ചതു്. കാര്യം ഗ്രഹിച്ചപ്പോൾ ഞാൻ ആശ്വാസംകൊണ്ടു് അനുഗ്രഹീതനായി.

കൗസല്യ:—(കഠിനമായ ഇച്ഛാഭംഗത്തോടെ) കടങ്കഥ പറയുകയാണോ, അതോ കാര്യം പറയുന്നോ നീ? എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി, നാടായ നാടു മുഴുവനും വിളംബരംചെയ്തു്, ആ സൽക്കർമ്മം നടത്താൻ മുഹൂർത്തം അടുത്തപ്പോൾ തിരുമനസ്സിലേയ്ക്കു് ഇങ്ങനെ തോന്നാൻ കാരണം? എങ്ങും ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഈ നടപടി എടുക്കാൻ ഏതൊരുത്തൻ ഉപദേശിച്ചു?

രാമൻ:—അച്ഛന്റെ സത്യനിഷ്ഠ, രഘുവംശത്തിന്റെ സത്യപൂജ—അതാണമ്മേ കാരണം. അച്ഛന്റെ മഹാത്മ്യം ഇന്നേ എനിക്കു പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞുള്ളു.

സീത: സത്യനിഷ്ഠയും അഭിഷേകവുമായിട്ടെന്തു ബന്ധം? ആര്യപുത്രാ സത്യനിഷ്ഠയുള്ളവർ ഒരു തവണ തീരുമാനിച്ചതു് വേണ്ടെന്നുവയ്ക്കുമോ?

കൗസല്യ:—അയ്യോ! എന്റെ ദേവീ! ഞങ്ങളുടെ മനോരഥങ്ങളെല്ലാം തവിട്ടുപൊടിയായിപ്പോയോ!

രാമൻ:—അമ്മ ദുഃഖിക്കേണ്ട അവസരമല്ലിതു്. നമ്മ

ളെല്ലാം സന്തോഷിക്കുകയാണു വേണ്ടതു്. സ്വ-
ന്തം സുഖവും പ്രതിജ്ഞാപരിപാലനമെന്ന ധർമ്മ-
വും തമ്മിലുള്ള സംഘട്ടനത്തിൽപ്പെട്ടുഴലുന്ന രാഘ-
കുമാരൻ ഇന്നിതാ സ്വസുഖം ഉപേക്ഷിച്ചു്
സത്യവ്രതനായി വിജയിക്കുന്നു. നമുക്കു് അതി-
ലധികം ആനന്ദിക്കാൻ എന്തുണ്ടു്?

കൗസല്യ:— ഏതു സത്യം? ഏതു ധർമ്മം? മകനേ, ഉണ്ടാ-
യതു മുഴുവനും വിസ്തരിച്ചു പറയൂ. അല്ലെങ്കിൽ
ഒന്നും പറയേണ്ട— അതെല്ലാം എന്തിനു കേൾക്ക-
ണം! എന്തുതന്നെ ആയാലും അഭിഷേകം മാററി-
വച്ചു എന്നാണല്ലോ സാരം! ഹാ! (ദീർഘമായി
നിശ്വസിക്കുന്നു)

രാമൻ:— അമ്മ! ഇളയമ്മയ്ക്കു ഇഷ്ടമുള്ള രണ്ടുവരം എ-
പ്പോൾ വേണമെങ്കിലും നിറവേററാമെന്നു അച്ഛൻ
മുമ്പു പ്രതിജ്ഞ ചെയ്തിരുന്നു. ഇളയമ്മ ഇപ്പോൾ
ആവശ്യപ്പെട്ടു. നിറവേററാതിരിക്കുന്നതു് ശരി-
യെന്നാണോ അമ്മയുടെ അഭിപ്രായം?

കൗസല്യ:— അപ്പോൾ.. എന്തു്? കൈകേയിയാണോ
പട്ടാഭിഷേകം നടക്കാതിരിക്കാൻ ഇടയാക്കിയതു്?

രാമൻ:— അതേ അമ്മേ. കൈകേയിഅമ്മയുടെ ആശ-
യാണു് ഞാൻ ഭരണക്ലേശം വഹിച്ചുകൂടെന്നും എ-
നിക്കു പകരം ഭരതൻ യുവരാജാവാകണമെന്നും.

കൗസല്യ.—(വികാരവിക്ഷോഭത്തോടെ) ഭരതൻ യുവ-
രാജാവാകാൻ രാമനെ അയോഗ്യനാക്കുക! ഈ
ക്രൂരമായ സ്വാർത്ഥം സമ്മതിച്ചുകൊടുക്കാൻ മഹാ-

രാജാവും! എന്താണുകുഞ്ഞേ, നിന്റെ കുറവും നിന്റെ അനുജന്റെ മേന്മയും?

രാമൻ:—അതല്ലമ്മേ, നാം ചിന്തിക്കാനുള്ളതു്. യുവരാജാവാരെന്നുള്ളതു നിസ്സാരകാര്യമാണു്. രാജ്യം ഭരിക്കുന്നതാരെന്നുള്ളതുപോലുമല്ല മുഖ്യം. സത്യധർമ്മാനുഷ്ഠാനത്തിനു കെടുതി വരാതിരിക്കുക എന്നതാണു് ഏററവും പ്രധാനം. രാജ്യശ്രേയസ്സിനും വംശശുദ്ധിക്കും വേണ്ടതു് ആ ഒരേ ഒരു സംഗതിയാണു്.

കൗസല്യ:—നീ എന്തു പറഞ്ഞു? ഈ നാട്ടിനും നാട്ടാർക്കും ജീവനായ നിന്നെ വെടിഞ്ഞു് ഒരു രാജ്യത്തിലും പതിവില്ലാത്ത ഏർപ്പാടു് ജ്യേഷ്ഠനിരിക്കെ അനുജനെ പട്ടം കെട്ടിയ്ക്കുന്ന ഏർപ്പാടു് കൈക്കൊള്ളുന്നതാണോ കുമാര, ധർമ്മം? എങ്കിൽ ആ ധർമ്മംപോയിത്തുലയട്ടെ.

രാമൻ:—അമ്മ ഒരമ്മയായിമാത്രം സംസാരിക്കുകയാണു്. അല്ലെങ്കിൽ—

കൗസല്യ:—അതിനു് എനിക്കു് അവകാശമുണ്ടു്.

രാമൻ:—ഇല്ലെന്നാരു പറഞ്ഞു? പക്ഷേ അമ്മ ഒരു ധർമ്മപത്നികൂടിയാണു്. ഭർത്താവിനോടു് യഥാർത്ഥസ്നേഹമുള്ള ഭാര്യമാർ ഭർത്താവിന്റെ സദ്യശസ്സു സംരക്ഷിക്കാൻ കടപ്പെട്ടവരല്ലേ?

കൗസല്യ:—നല്ല യുക്തി! ധർമ്മപത്നിയുടെ ഇംഗിതം നശിപ്പിച്ചു് കാമപത്നിയുടെ അഭീഷ്ടം സാധിച്ചുകൊടുക്കുന്നതു ന്യായമെന്നു പറയാൻ നിന്നെപ്പോലുള്ള ശുദ്ധാത്മാക്കൾ തന്നെ വേണം!

രാമൻ:—ഇളയമ്മയെയോ അച്ഛനെയോ ഞാൻ കുററപ്പെടുത്തണമെങ്കിൽ അമ്മയെ ഞാൻ എങ്ങനെ കുററപ്പെടുത്താതിരിക്കും? ഇളയമ്മയെപ്പോലെ അമ്മയും തൻകാര്യചിന്താമൂലം അന്ധമായി സംസാരിക്കുകയല്ലേ? പുത്രസ്നേഹം അമ്മയ്ക്കു പാടുള്ളൂ എന്നു കരുതുന്നതു ശരിയാണോ അമ്മേ?

കൗസല്യ:—എനിക്ക് ഇതിനുത്തരമില്ല കുമാര ഞാൻ ഇതെല്ലാം അനുഭവിക്കേണ്ടവളാണ്. എന്തു ചെയ്യാം! ഭാഗ്യം കെട്ട ഞാൻമൂലം നീയും ഭാഗ്യമില്ലാത്തവനായി!

(ലക്ഷ്മണൻ പ്രവേശിക്കുന്നു. ഇളകിമറിയുന്ന കടലിന്റെ ച്ഛായയുണ്ട് അയാളുടെ മുഖത്തിന്. ജ്വലിക്കുന്ന കണ്ണുകൾ, വളഞ്ഞു ചുളിഞ്ഞ പുരികങ്ങൾ, അരുണപ്രഭമായ കവിൾത്തടങ്ങൾ—ആ മുഖം കണ്ടാൽ ആരും പേടിച്ചുപോകും.)

ലക്ഷ്മണൻ:—ആ വൃദ്ധനായ മഹാരാജാവിനെയും ഉന്മാദിനിയായ സ്ത്രീയെയും ഞാൻ ഇക്ഷണം ബന്ധനസ്ഥരാക്കും. എന്നെ ആരും തടയരുത്.

രാമൻ:—(ശാന്തമായി ലക്ഷ്മണനെ നോക്കുന്നു.)

കൗസല്യ:—അയ്യോ! ഇതെന്തൊരു കോപം. നീ വല്ലാതെ വിറയ്ക്കുന്നു. ഈ കാട്ടുതീ എങ്ങനെ ഒന്നടക്കാൻ കഴിയും!

ലക്ഷ്മണൻ:—ഇതടങ്ങുകയില്ലമ്മേ; അടങ്ങിക്കൂടാ. ഈ അധർമ്മം, ഈ അക്രമം, എങ്ങനെ അഭിമാനമുള്ളവൻ സഹിച്ചുകൊണ്ടിരിക്കും! ചെയ്യാവുന്ന ദ്രോഹത്തിനും ഒരതിരില്ലേ! അച്ഛനായാലും അമ്മയാ

യാലും ധർമ്മമാർഗ്ഗം വിട്ടു പ്രവർത്തിച്ചാൽ ഫലം അനുഭവിച്ചേ തീരൂ.

രാമൻ:—അനുജൻ കാണിക്കുന്നതു് ദൗർബല്യത്തിന്റെ ലക്ഷണമാണു്; ഒരിക്കലും ധൈര്യത്തിനേറതല്ല. കുമാരൻ ഇത്രയ്ക്കു ക്ഷുബ്ധനാകാൻ ഇവിടെ എന്തു സംഭവിച്ചു?

ലക്ഷ്മണൻ:—(ക്രോധം വർദ്ധിച്ചിട്ടു്) എന്തു്? എന്തു സംഭവിച്ചുവെന്നോ? ഇതിലധികം എന്തു സംഭവിക്കണം ഈ രാജ്യത്തിൽ? അച്ഛനും വലിയമ്മയ്ക്കും നാട്ടുകാർക്കും യാതൊരു ശല്യവും ചെയ്തിട്ടില്ലാത്ത ജ്യേഷ്ഠന്റെ കിരീടം തട്ടിപ്പറിച്ചു്, ദീർഘമായ പതിന്നാലുവർഷം കാട്ടിൽ പാർപ്പിക്കാൻ തീരുമാനിച്ചതു് ഒരു സംഭവമല്ലെന്നാണോ, ഇപ്പറഞ്ഞതിനർത്ഥം? അതിൽപ്പരം ലജ്ജാവഹവും നിന്ദ്യവുമായിട്ടുള്ള സംഭവം ഇന്നുവരെ ഈ അയോദ്ധ്യയിൽ ഉണ്ടായിട്ടുണ്ടോ.

കൗസല്യ:—അയ്യോ! എന്തു്! എന്താണുണ്ണീ നീ ഇപ്പോൾ പറയുന്നതു്! എന്റെ രാമചന്ദ്രൻ കാട്ടിൽ പാർക്കണമോ. ആരു തീരുമാനിച്ചു? ആർക്കു തീരുമാനിക്കാൻ അവകാശം? നീ സത്യമാണോ പറയുന്നതു്? ഹാ! ദേവീ! ഇതു സത്യമാണെങ്കിൽ— (ക്ഷീണം തളർന്നു തറയിൽ വീഴാൻ തുടങ്ങുമ്പോൾ രാമൻ താങ്ങിപ്പിടിക്കുന്നു. സീതപരിഭ്രമത്തോടെ കൗസല്യയുടെയും രാമന്റെയും മുഖത്തു് മാറിമാറി നോക്കുന്നു.)

സീത — ഈ നിർദ്ദയത്വം സഹിക്കാനും ആര്യപുത്രനു കഴിയുന്നല്ലോ! കഷ്ടം!

ലക്ഷ്മണൻ:— ആരു സഹിച്ചാലും ഞാൻ സഹിക്കുകയില്ല ദേവീ! എനിക്കു രണ്ടിലൊന്നറിയണം. ഒന്നുകിൽ ജ്യേഷ്ഠൻ യുവരാജാവായി അയോദ്ധ്യയിൽ വാഴും. അല്ലെങ്കിൽ ഈ രാജധാനിയെ ഞാൻ ഭസ്മമാക്കി കാററിൽ പറത്തും. ജ്യേഷ്ഠനില്ലാത്ത അയോദ്ധ്യ എനിക്കു ശ്മശാനമാണു്.

രാമൻ:— പെട്ടെന്നുണ്ടായ ക്ഷോഭംകൊണ്ടു് അമ്മയും അനുജനും സീതയും അന്ധരായിരിക്കുകയാണു്.

ലക്ഷ്മണൻ:— അന്ധമായി പ്രവർത്തിച്ചതാരാണു ജ്യേഷ്ഠാ?

രാമൻ:— ആരെങ്കിലും അന്ധമായി പ്രവർത്തിച്ചെന്നു വന്നാൽപോലും, അന്ധതയല്ല അതിനു പരിഹാരം. ഇവിടെ വാസ്തവത്തിൽ അന്ധമായി ആരും പ്രവർത്തിച്ചിട്ടില്ലതാനും. എന്തൊരു വേദനയോടുകൂടിയാണെന്നറിയാമോ കുമാരാ, അച്ഛൻ ഈ നിശ്ചയങ്ങൾ എന്നെ അറിയിച്ചതു്? ആ കണ്ണിൽനിന്നു് തീക്കട്ടയാണ് പൊഴിഞ്ഞതു്; കണ്ണീരല്ല! പ്രകൃതിയെ അച്ഛനു പറയാൻ നാവു വഴങ്ങിയുള്ളു. ശേഷം ഞാൻ ഊഹിക്കുകയായിരുന്നു. അത്യുഗ്രമനോവേദന അനുഭവിച്ചും സത്യത്തെ ആരാധിക്കുന്ന അച്ഛനെ ഞാൻ പൂർവ്വാധികം ബഹുമാനിക്കുകയാണു്. തങ്ങൾക്കു യാതൊരു ദുഃഖവും നഷ്ടവുമില്ലെങ്കിൽ സത്യസന്ധരായിരിക്കാൻ പലൎക്കും കഴിയും. പക്ഷേ സ്വന്തം ദുഃഖിതത്തെ

വകവയ്ക്കാതെ സത്യത്തെ മുറുകെപ്പിടിക്കുന്ന എത്ര പേരുകാണും ഈ ലോകത്തിൽ? ഒന്നോ രണ്ടോ പേർ—അത്രതന്നെ.

കൗസല്യ:—ഹാ! ഈശ്വരാ! ഞാനും എന്റെ മകനും കൈകേയിയോട്ട് എന്തപരാധംചെയ്തു! തന്നോടാണ് കൂടുതൽ സ്നേഹം എന്ന് എപ്പോഴും പറയാറുള്ള കൈകേയിക്ക് എങ്ങനെ മനസ്സുവന്നു, രാമൻ വനത്തിൽ പോകണമെന്നു നിർബന്ധിക്കാൻ! ഇല്ല; ഞാൻ അനുവദിക്കുകയില്ല. മഹാരാജാവ് എന്നെ ശിക്ഷിച്ചുകൊള്ളട്ടെ. ഞാൻ ഏതു ശിക്ഷയും സഹിച്ചുകൊള്ളാം. എന്റെ ജീവന്റെ ജീവനായ ഉണ്ണിയെ കാട്ടിൽ അയയ്ക്കാൻ ഞാൻ സമ്മതിക്കുകയേ ഇല്ല.

രാമൻ:—ഞാൻ ഒന്നു ചോദിക്കട്ടെ അമ്മേ. അധാർമ്മികനായ ഒരു ഐശ്വര്യഭോക്താവായി ജീവിതം മലിനമാക്കുന്ന ഒരു പുത്രനെയാണോ അമ്മയ്ക്കു വേണ്ടതു്? അതോ എന്തുതന്നെ സംഭവിച്ചാലും ധർമ്മമാർഗ്ഗത്തിൽനിന്നും തെററിമാറാത്ത മകനെയോ? ഞാൻ ഉത്തമമനുഷ്യനാകുന്നതോ അധമരിൽ അധമനാകുന്നതോ ഏതാണു് അമ്മ ഇഷ്ടപ്പെടുന്നതു്?

കൗസല്യ:—(ഉത്തരം പറയാൻ കഴിയാതെ കുഴങ്ങുന്നു.)

ലക്ഷ്മണൻ:—ധർമ്മചിന്ത ഒരാൾക്കുമാത്രം ഉണ്ടായാൽ പോരാ.

രാമൻ:—ആർക്കുമില്ലാതിരിക്കുന്നതിൽഭേദം ഒരാൾക്കെങ്കിലും ഉണ്ടായിരിക്കുന്നതല്ലേ?

കൗസല്യ:—ചോദ്യം ചോദിക്കുന്നതുപോലെയും ഉത്തരം പറയുന്നതുപോലെയും എളുപ്പമല്ല കുമാരാ, ജീവിക്കുന്ന കാൎയ്യം. നിന്നെപ്പിരിഞ്ഞു് ഒരു ദിവസം കഴിച്ചുകൂട്ടാൻവയ്യാത്ത ഞാനോ വനവാസം കഴിഞ്ഞു തിരിച്ചുവന്നു കാണാമെന്നു ജീ വിച്ചിരിക്കേണ്ടു.

രാമൻ:—അമ്മയുടെ ദുഃഖത്തിന്റെ ആഴം അറിയാഞ്ഞിട്ടല്ലമ്മേ ഞാൻ പറയുന്നതു്. അമ്മയെ കാണാതെ ജീവിക്കാൻ എനിക്കു് കഴിയുമെന്നു കൊണ്ടുമല്ല. നമുക്കു് ഇതൊരു അഗ്നിപരീക്ഷയായിരിക്കുമെന്നു് എനിക്കു വ്യക്തമായി അറിയാം. പക്ഷേ ഈ ലോകത്തിൽ ജനിക്കുന്ന ഓരോ മനുഷ്യനും മാനിച്ചേതീരൂ എന്നുള്ള ചിലതുണ്ടു്. അവയെ ചവുട്ടിമെതിച്ചു് സുഖം പിടിച്ചടക്കിയാൽ അതുകൊണ്ടു് യാതൊരു ഫലവുമില്ലമ്മേ.

കൗസല്യ:—എന്റെ ഉണ്ണിക്കുള്ളിടത്തോളം മനോബലം ഞങ്ങൾക്കില്ല കുഞ്ഞേ.

രാമൻ:—അമ്മ ഒന്നു മനസ്സിലാക്കിയാൽ മതി. ഭൎത്തൃഹിതം അനുസരിക്കുന്നതിനുവേണ്ടി എല്ലാ ഭൗതികക്ലേശവും സഹിക്കുന്ന പതിവ്രതകൾക്കു് ദേവിയുടെ അനുഗ്രഹം എപ്പോഴും ഉണ്ടായിരിക്കും. ഇക്കാണുന്ന ദേവീപാദങ്ങളിൽ ഹൃദയമൎപ്പിച്ചു്, വാത്സല്യവും മനോവേദനയും കൊണ്ടു് അവശനായിരിക്കുന്ന അച്ഛനെ പരിചരിച്ചു്, ഞാൻ തിരിച്ചുവരുംവരെ അമ്മ കഴിഞ്ഞുകൂടണം; കു:

ണനും സീതയും അമ്മയ്ക്കു തുണയായി ഉണ്ടായി-
രിക്കും.

ലക്ഷ്മണൻ:— ഇല്ല, എന്റെ ജ്യേഷ്ഠൻ എവിടെയാ-
ണോ അവിടെത്തന്നെ ഞാനും. വനവാസത്തി-
നൊരുമ്പെടാതെ രാജ്യം ഭരിക്കണമെന്ന ജ്യേഷ്ഠന്റെ
അപേക്ഷ ഞാൻ നിർദ്ദയം നിരാകരിച്ചു.
ആരെന്തു തടസ്സങ്ങളാക്കിയാലും ഈ ലക്ഷ്മണൻ
അതില്ലാതാക്കുമെന്ന് ഉറപ്പു പറഞ്ഞിട്ടും
ജ്യേഷ്ഠൻ അംഗീകരിച്ചില്ല. ഇനി ഇതുംകൂടി
നിരസിക്കുന്ന പക്ഷം ഞാൻ ജ്യേഷ്ഠന്റെ മുമ്പിൽ
വച്ച് ആത്മഹത്യ ചെയ്തുകളയും.

സീത:— ഭർത്തൃപരിചരണമാണ് ഭാര്യാധർമ്മമെന്ന്
ആര്യപുത്രൻ ഇപ്പോൾ പറഞ്ഞു നാവെടുക്കു-
ന്നതേയുള്ളൂ. ആര്യപുത്രൻ കല്ലും മുള്ളും ചവുട്ടി,
കായും കനിയും കഴിച്ച്, പുഴിമണ്ണിൽ കിടക്കു-
മ്പോൾ ഞാൻ ഈ കൊട്ടാരത്തിലെ സുഖവും
സമൃദ്ധിയും അനുഭവിച്ച് സംവത്സരങ്ങൾ തള്ളി-
വിടുക!— ഒരു ഭാര്യയ്ക്ക് അതിനെക്കാൾ നിന്ദ്യ-
മായി മറ്റെന്തുണ്ട്!

കൗസല്യ:— നിറഞ്ഞ ഏകാന്തതയാണോ ഭഗവാനേ,
എനിക്കു അവിടുന്നു വിധിക്കുന്നതു്!

സീത:— വിരഹിണിയായ ഞാൻ ഉമിത്തീയിൽ നീറി
ഈ അരമനയിൽ അമ്മയോടൊത്തു ജീവിക്കുന്ന-
തായിരിക്കും അമ്മയെ അധികം സങ്കടപ്പെടുത്തു-
ന്നത്. എന്റെ സുഖവും ആനന്ദവുമാണ് അമ്മ

ആഗ്രഹിക്കുന്നതെങ്കിൽ എന്നെ ആര്യപുത്രനോടു കൂടി പോകാൻ അനുവദിക്കണം. ആര്യപുത്രന്റെ യുവരാജപദവി നഷ്ടപ്പെട്ടതിൽ എനിക്ക് അശേഷം കുണ്ഠിതമില്ല. വനവാസം സ്വീകരിച്ചതു കൊണ്ടും ഞാൻ കൂട്ടാക്കുന്നില്ല. പക്ഷേ അമ്മേ, എൻെറ ജീവിത സർവ്വസ്വമായ ആര്യപുത്രനെ പിരിഞ്ഞിരിക്കുന്ന കാര്യം എനിക്ക് ഒരു നിമിഷംപോലും ഓർക്കാൻ വയ്യ. ഏതു വനവും പർവ്വതവും എനിക്കു രാജധാനിയെക്കാൾ കാമ്യമാണ്. ആര്യപുത്രൻ എന്നോടൊത്തുണ്ടെങ്കിൽ.

രാമൻ:—ഞാൻ നാടുപേക്ഷിച്ചു കാട്ടിൽ താമസിക്കണമെന്നേ ഇളയമ്മ ആവശ്യപ്പെട്ടിട്ടുള്ളു.

സീത:—മററാരും നാടുപേക്ഷിച്ചുകൂടെന്നു വിലക്കിയിട്ടില്ലല്ലോ.

ലക്ഷ്മണൻ:— ഒരു പക്ഷേ വിലക്കിയിട്ടുണ്ടെങ്കിൽ അതാരു വകവയ്ക്കാൻ പോകുന്നു!

രാമൻ:—നിങ്ങൾ രണ്ടുപേരുംകൂടി വേർപെട്ടുപോകുമ്പോൾ അച്ഛൻ പൊരിവെയിലിൽനിന്ന് കൊടും തീയിലേയ്ക്കു വീഴുകയല്ലേ ഉണ്ടാവുക? സ്നേഹമുള്ളവർ അതിനിടയാക്കാമോ കുമാരാ?

ലക്ഷ്മണൻ:—എനിക്ക് മനശ്ശാന്തി കിട്ടണമെങ്കിൽ ഒരു വഴിയേ ഉള്ളു. ജ്യേഷ്ഠൻെറ കിങ്കരനായി എല്ലാ സമയത്തും കൂടെ ഉണ്ടായിരിക്കുക. അതിനും എന്നെ അനുവദിച്ചില്ലെങ്കിൽ എന്റെ ശവദാഹം കൂടി കഴിഞ്ഞേ ജ്യേഷ്ഠനു പോകാൻ പററുകയുള്ളു.

രാമൻ:—നിങ്ങളെ തടയാൻ എനിക്കു ശക്തിയില്ല പക്ഷേ, അമ്മവേണം ഇക്കാര്യം തീരുമാനിക്കേണ്ടതു്. എന്താണമ്മേ, അമ്മയുടെ അഭിമതം? ഇവർ അമ്മയെ ശുശ്രൂഷിച്ചു് കൊട്ടാരത്തിൽ പാക്കുന്നതോ എന്നെ അനുഗമിക്കുന്നതോ? .

കൗസല്യ:—ഈ ഭാഗ്യഹീന എന്തു പറയാനാണു കുഞ്ഞേ. കണ്ണുപൊട്ടിപ്പോയ എനിക്കു് ഊന്നുവടിയുംകൂടി ഇല്ലാതാകുന്നതു് ഇഷ്ടമാകുമോ? എങ്കിലും കുഞ്ഞേ, അവർകൂടി ഉണ്ണിയോടുകൂടി ഉണ്ടായിരുന്നാലാണു് എനിക്കു അല്പം ആശ്വാസത്തിനു വകയുള്ളതു്. എന്റെ മകൻ ഘോരമായ വനത്തിൽ തനിച്ചല്ല താമസിക്കുന്നതെന്നോക്കുമ്പോഠം എൻെറ വേദന ഇമ്മിക്കെങ്കിലും കുറയുകയില്ലേ?

രാമൻ:—അമ്മയുടെ അഭിലാഷംപോലെയാകട്ടെ. സീതേ, ലക്ഷ്മണാ, നിങ്ങഠംക്കു് എന്നെ പിൻതുടരാം.

സീത:—ഹാ !. നേടേണ്ട ഭാഗ്യം നേടിക്കഴിഞ്ഞു!

ലക്ഷ്മണൻ:—മനസ്വിനിയായ വലിയമ്മ എന്നെ രക്ഷിച്ചു.

രാമൻ:—ഇനി നമുക്കു് ഒട്ടും അമാന്തിച്ചുകൂടാ. നാം ഉടനേ ഇളയമ്മയുടെ അരമനയിലേയ്ക്കു പോകണം. വനവാസോചിതമായ മരവുരികഠം ഇളയമ്മയുടെ കൈയിൽനിന്നും വാങ്ങി അണിഞ്ഞു്, അച്ഛനേയും വണങ്ങി, എത്രയുംവേഗം ഈ രാജധാനി വിട്ടു പുറത്തുപോകണം.

കൌസല്യ:—ഹാ! ആ കാഴ്ച ഞാനെങ്ങനെ കാണും? ചെങ്കോലണിയേണ്ട കുമാരന്മാർ വല്ക്കലം ധരിക്കുന്ന ആ രംഗം! പട്ടാട ചാർത്തുന്ന എന്റെ മകൾ പരുപരുത്ത മരവുരി ഉടുക്കുന്ന സമയം! ഒരു മാതാവിന്റെ സഹനശക്തി മുട്ടുകുത്തിപ്പോകുകയില്ലേ അതിനുമുമ്പിൽ!

രാമൻ:—ചെങ്കോലും മരവുരിയും ഞാൻ നേടിയതല്ലമ്മേ. നിങ്ങളാരും നേടിതന്നതുമല്ല. സ്നേഹമൂർത്തിയായ അച്ഛൻ ഈ രാജ്യത്തിന്റെ ചെങ്കോൽ എന്നിൽ അർപ്പിക്കാൻ തുനിഞ്ഞു. വാത്സല്യനിധിയായ ഇളയമ്മ ഇതാ എനിക്കു മരവുരി നൽകാൻ പോകുന്നു. ഇതു രണ്ടും തമ്മിൽ എന്തു വ്യത്യാസമുണ്ടമ്മേ? ജീവിതത്തിന്റെ ഒരു വശം എനിക്കു കാണിച്ചുതരാൻ അച്ഛനും മറെറാരു വശം പരിചയപ്പെടുത്താൻ ഇളയമ്മയും ശ്രമിച്ചു. രണ്ടും എന്റെ ശ്രേയസ്സിനെക്കരുതിയാണെന്നേ എനിക്കു വിചാരമുള്ളു.

കൌസല്യ:—ലോകേശ്വരിയായ ദേവിയുടെ ഹിതം അങ്ങനെ ആയാൽ-ഹാ! സമസ്തകല്യാണദായിനീ. മാതാവേ, എന്റെ കുട്ടികളെ ഞാൻ തിരുവടിയുടെ പാദങ്ങളിൽ അർപ്പിക്കുന്നു.

സീത:—ദേവി നമ്മെ എല്ലാവരെയും സംരക്ഷിച്ചുകൊള്ളുമമ്മേ.

(എല്ലാവരും ദേവീവിഗ്രഹത്തിനുമുമ്പിൽ നമസ്കരിക്കുന്നു)

യവനിക

രംഗം നാല്

[കൈകേയി ചിന്താമഗ്നയായി പട്ടുകിടക്കയിൽ ചാരിയിരിക്കുന്നു. ഒട്ടേറെ വിവിധഭാവങ്ങൾ ആ രാജമാതാവിന്റെ മുഖത്തു നിഴലിക്കുന്നു. അസ്വാസ്ഥ്യചിന്തകളാണെന്നു് ഒറ്റ നോട്ടത്തിൽ മനസ്സിലാകും.

കുറെ കഴിഞ്ഞു് മന്ഥര പ്രവേശിക്കുന്നു. കൈകേയിയുടെ അവസ്ഥ കണ്ടു് തെല്ലൊന്നു പരുങ്ങുന്നുവെങ്കിലും മുഖപ്രസാദത്തിനു കുറവുവരാതെ അടുത്തുചെല്ലുന്നു.]

മന്ഥര:—സ്വപ്നങ്ങളുടെ കാലം ഇനിയും കഴിഞ്ഞില്ലേ ദേവീ!

കൈകേയി:—(പെട്ടെന്നു് ചിന്തയിൽനിന്നുണർന്നു്) ആര്? മന്ഥരയോ? ഞാനറിഞ്ഞില്ല വന്നതു്.

മന്ഥര:—അറിയാഞ്ഞതു സാരമില്ല. പക്ഷെ ഇങ്ങനെ പകൽക്കിനാവുകാണൽ മതിയാക്കിയില്ലെങ്കിൽ രാജമാതാവിന്റെ ആരോഗ്യം ക്ഷയിക്കും. അതു കാണാൻ ഭാഗ്യമുള്ളവർ കണ്ടേക്കില്ല.

കൈകേയി:—എന്തുകൊണ്ടോ എന്റെ മനസ്സു തെളിയുന്നില്ല മന്ഥരേ. ചിലപ്പോൾ ഞാൻ ഞെട്ടിപ്പോകുന്നു. മനസ്സുഖം എനിക്കു നഷ്ടമായിരിക്കുന്നു. സമാധാനം എന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു.

മന്ഥര—കുമാരന്റെ മുഖം കാണുമ്പോൾ സൂര്യപ്രകാശത്തിൽ ഇരുട്ടുപോലെ എല്ലാ പാഴ്‌വിചാരങ്ങളും മാറിപ്പോയ്ക്കൊള്ളും. കുമാരൻ ഇന്നു് അയോദ്ധ്യയിലെത്തുമല്ലോ. കിരീടമണിയാൻപോകുന്ന ആ

ശിരസ്സിൽ ചുംബിക്കുമ്പോൾ ദേവിയുടെ ആനന്ദം കരകവിഞ്ഞൊഴുകും.

കൈകേയി:—ആ മുഖത്തു നോക്കാൻ എനിക്കു ഭയമാകുന്നു മന്ഥരേ. എന്റെ നേരേ നോക്കുന്ന ആ കണ്ണുകളെക്കുറിച്ചോൎക്കുമ്പോൾ ഞാൻ പതറിപ്പോകുന്നു. ആ നാവിൽ നിന്നു പാറുന്ന തീപ്പൊരികൾ എന്റെ ആത്മാവിനെ ദഹിപ്പിച്ചു കളയുമെന്നു ഞാൻ പേടിക്കുന്നു.

മന്ഥര:—ഈ മൗഢ്യം രാജമാതാവിന്നു് ഒരിക്കലും ഭൂഷണമല്ലദേവി. മകനു സമർപ്പിക്കാൻ സൗഭാഗ്യകുംഭവും പേറിനില്ക്കുന്ന അമ്മയാണോ ഈ മിഥ്യാഭയത്തിന്നു് അടിമയാകുന്നതു്! ഒരു സാമ്രാജ്യത്തിന്റെ ചെങ്കോൽ നേടിക്കൊടുത്ത അമ്മയെ കുമാരൻ മുറുകെപ്പുണരുന്ന കാഴ്ച ഞാനിതാ കാണാൻപോകുന്നു.

കൈകേയി:—കുമാരന്റെ പിതൃഭക്തിയും മാതൃസ്നേഹവും അറിയാത്ത വിഡ്ഡിയാണോ മന്ഥര? കുമാരനെ കാണുന്നനിമിഷം ഞാൻ പറഞ്ഞറിയിക്കേണ്ടതെന്തെന്നു ചിന്തിച്ചിട്ടാണോ ഇങ്ങനെ പുലമ്പുന്നതു്?

മന്ഥര:—നിരുപിച്ചിരിക്കാത്ത ഭാഗ്യവും ഐശ്വര്യവും മുമ്പിൽവന്നു് അടിപണിയാനൊരുങ്ങി നിൽക്കുമ്പോൾ ഏതുഭക്തിയും എത്ര വലിയസ്നേഹവും മനുഷ്യനു നിസ്സാരമായേ തോന്നു. ഈ ലോകം കുറച്ചധികം കണ്ടവളാണിതുപറയുന്നതു്.

കൈകേയി:—ഈ അയോദ്ധ്യയും രാജമന്ദിരവും ഇന്നെന്റെ ശത്രുക്കളാണ്. സത്യം പറയൂ മന്ഥരേ; എന്നെ വെറുക്കാത്തവരായി ആരുണ്ട് ഈ രാജ്യത്തിൽ?

മന്ഥര:—അയോദ്ധ്യയും കൊട്ടാരവും വായ്ത്തല ചത്ത ആയുധങ്ങൾമാത്രം! രാജാധികാരത്തിന്നെതിരേ ചലിക്കാനവയ്ക്കൊ അവയ്ക്കു കഴിയുന്നു!

കൈകേയി:—ഏതുവെറുപ്പും ആരുടെശത്രുതയും ഞാൻ സഹിക്കാം. പക്ഷെ എന്റെ കുമാരൻ എന്നെ വെറുത്താൽ—ഓക്കാൻവയ്യ മന്ഥരേ—എന്റെ കണ്ണിൽ ഇരുട്ട കയറുന്നു.

മന്ഥര:—ഇല്ലാത്തതുണ്ടെന്നു സങ്കല്പിച്ചു ചഞ്ചലപ്പെടാതിരിക്കൂ. പുത്രന്റെ മാതൃസ്നേഹത്തെ സംശയിക്കുന്നതുപോലും പാപമാണു ദേവി. വിശേഷിച്ചും കുമാരനെപ്പോലെ വിവേകവും ബുദ്ധിശക്തിയുമുള്ള ഒരു പുത്രന്റെ സ്നേഹത്തെ.

കൈകേയി:—എന്റെ കുഞ്ഞ് അയോദ്ധ്യ വിട്ടപ്പോൾ ഞാൻ സുമംഗലിയായിരുന്നു. ഇന്നു ഞാൻ അവനെ കാണുമ്പോൾ ഭാഗ്യംകെട്ട ഒരു വിധവ! (ചിന്താമഗ്നയാകുന്നു)

മന്ഥര:—പഴുത്ത ഇലകൾക്ക് മരത്തിൽ എത്രനാൾ നിൽക്കാനാവും?

കൈകേയി:—ഭരതൻ പിരിയുമ്പോൾ ഈ സാമ്രാജ്യത്തിന്റെ ബഹുമാനഭാജനമായിരുന്നു ഞാൻ. ഇന്നാകട്ടെ അഭിശപ്തയായ ഏകാകിനി!.

മന്ഥര:—(പിടിച്ചുലുക്കിയിട്ട്) ഉണരൂദേവീ, ദുർബല യാകാതിരിക്കൂ. ജല്പനത്തിനുമിതല്ല [illegible] ! ഈ ഉന്മാദവുമായിട്ടാണോ ചക്രവർത്തിയായ പുത്രനെ സ്വാഗതം ചെയ്യാൻ തയ്യാറാവുന്നതു്. പരിപാവനമായ മാതൃകർത്തവ്യം നിറവേററിയ ഒരു സ്ത്രീക്കെന്തു ലജ്ജിക്കാൻ? അല്ലെങ്കിൽത്തന്നെ, ഈശ്വരൻ മനുഷ്യനു ബുദ്ധിതന്നിരിക്കുന്നതു് അതുപയോഗിച്ചു് ഉൽക്കർഷം നേടാനാണു്. അതിനു സന്നദ്ധരാകാത്ത മൃഗതുല്യരുടെ മേൽ ഈശ്വരശാപമായിരിക്കും വന്നു വീഴുക.

കൈകേയി:—ഒരേ ഒരാശ്വാസം എനിക്കുണ്ടു്. എനിക്കുവേണ്ടി എന്തെങ്കിലും നേടുവാൻ ഞാനൊരിക്കലും കൊതിച്ചിട്ടില്ല. എല്ലാം, എല്ലാം, എന്റെ കുമാരനുവേണ്ടിമാത്രം. ആ സ്നേഹം ഉഗ്രമായ ഒരു കൊടുങ്കാററുപോലെ എന്റെ ഉള്ളിലെങ്ങും വീശിയടിച്ചു. മറെറാന്നിനും അവിടെ സൂചിയൂന്നാൻ വേണ്ട പഴുതുപോലും കിട്ടിയില്ല. ഒരേ ഒന്നു നാലക്ഷരത്തിൽ ലോകംമുഴുവൻ നിറഞ്ഞു നിൽക്കുന്നതായി എനിക്കു തോന്നി.

മന്ഥര:—കേകയപുത്രിയെപ്പോലെ മറെറാരു മാതാവിനെ ഈ അയോദ്ധ്യ കണ്ടിട്ടില്ല. അതിലധികമെന്തുവേണം ദേവിക്കു് അഭിമാനിക്കാൻ.

കൈകേയി:—മന്ഥരേ, ഞാൻ കുറച്ചുസമയം ഇവിടെ തനിച്ചൊന്നിരിക്കട്ടെ. തനിച്ചിരിക്കുന്നതു് ഈ അവസരത്തിൽ എനിക്കാശ്വാസമാണു്. മനസ്സു

ലെ കെട്ടുപെട്ട ഇഴകൾ അഴിച്ചുനോക്കാൻ സൗകര്യമുണ്ടു് ഈ ഏകാന്തതയിൽ. പോവൂ; പോയീ കുമാരൻ നഗരപ്രാന്തത്തിലെത്തിക്കഴിഞ്ഞോ എന്നന്വേഷിച്ചിട്ടുവരൂ.

മന്ഥര:—ദേവിയുടെ ഇംഗിതംപോലെ. ഒന്നുകൂടി ഉണർത്തിക്കട്ടെ. മനക്കരുത്തില്ലാത്തവൎക്ക് വിധിച്ചിട്ടുള്ളതല്ല ഈ ലോകം. (പോകുന്നു)

(കൈകേയീ വീണ്ടും ചിന്താധീനയാകുന്നു. തെല്ലിടകഴിഞ്ഞു് ഭരതൻ പ്രവേശിക്കുന്നു. വാടിയമുഖം അമ്മയെ കാണുമ്പോൾ പ്രസന്നവദനനായിത്തീരുന്നു. കൈകേയിപെട്ടെന്നെഴുന്നേററ് സ്നേഹപാരവശ്യത്തോടെ മകനെ ആശ്ലേഷിക്കുന്നു ഭരതൻ അമ്മയുടെ പാദം തൊട്ടു വന്ദിക്കുന്നു)

കൈകേയി:—കുമാരാ.

ഭരതൻ:—അമ്മേ,

കൈകേയി:—യാത്ര സുഖമായിരുന്നോ കുഞ്ഞേ!

ഭരതൻ:—യാതൊരസുഖവുമുണ്ടായില്ലമ്മേ.

കൈകേയി:—മുത്തച്ഛനും അമ്മാവനും കുശലം തന്നെയല്ലേ?

ഭരതൻ:—ഈശ്വരാനുഗ്രഹത്താൽ അവർ സുഖമായിരിക്കുന്നു. ഞാനും അനുജനും പെട്ടെന്നു പിരിഞ്ഞു പോന്നതുകൊണ്ടുള്ള വല്ലായ്മയേ ഉള്ളൂ.

കൈകേയി:—ശത്രുഘ്നകുമാരൻ എവിടെ?

ഭരതൻ:—അമ്മയെകണ്ടു വന്ദിക്കാൻപോയി. ഉടൻതന്നെ ഇവിടെവരും. അച്ഛനെവിടെ അമ്മേ?

കൈകേയി:—(മിണ്ടുന്നില്ല)

ഭരതൻ:—അച്ഛൻ ഏറിയ സമയവും ഇവിടെയാണ ല്ലോ കാണുക. അകത്തുണ്ടോ അമ്മേ? എനിക്കു് അച്ഛനെ കാണാൻ വൈകി.

കൈകേയി:—അച്ഛനെ നീ ഇനി ജീവനോടെ കാണുകയില്ല കുഞ്ഞേ.

ഭരതൻ:-(സംഭ്രമാദ്ഭുതവൈവശ്യങ്ങളോടെ) എന്തു്! എന്തു്? അച്ഛനെ ഞാനിനി കാണുകയില്ലെന്നോ! എന്താണിപ്പറയുന്നതു്! പറയൂ അമ്മേ, എവിടെ എന്റെ അച്ഛൻ?

കൈകേയി:—ധൈര്യമായിരിക്കൂ മകനേ. അച്ഛൻ നിത്യശാന്തി പൂകി; അയോദ്ധ്യ അനാഥയായി.

ഭരതൻ:—ഹാ! ഈശ്വരാ! സത്യമോ ഞാൻ ഈ കേൾക്കുന്നതു്! എന്റെ സർവ്വസ്വവുമായ അച്ഛൻ എന്നെവിട്ടു പിരിഞ്ഞെന്നോ! (തളർന്നുപോകുന്നു.)

കൈകേയി:—(വീഴാൻ പോകുന്ന പുത്രനെ താങ്ങി കിടക്കയിൽ ഇരുത്തുന്നു) ദൈവഹിതം അതായിരുന്നു കുഞ്ഞേ. നിയമത്തിനു നീക്കുപോക്കുണ്ടോ! പടുക്രൂരൻ മാമരങ്ങൾപോലും എന്നെങ്കിലും നിലംപൊത്തുകയില്ലേ.

ഭരതൻ:—ഹാ! ആ കാണുന്ന കട്ടിലിൽ ശരൽക്കാലാകാശത്തിലെ പനിമതിബിംബംപോലെ പ്രശോഭിച്ചിരുന്ന ആ മുഖം—എന്റെ ശരീരത്തിൽ ഒരു ചെറുപൊടി പററിയാൽ അതു തുടയ്ക്കാൻ നീളുന്ന ആ കൈകൾ—ഞാനെത്ര ഭാഗ്യഹീനനാണമ്മേ!

കൈകേയി:—ഭാഗ്യം പോകുന്നതും കൈവരുന്നതും നിനച്ചിരിയാതെയാണു കുമാരാ.

ഭരതൻ:—എവിടെയമ്മേ ജ്യേഷ്ഠൻ? അനാഥനായ എനിക്കിനി അഭയസ്ഥാനമായ ജ്യേഷ്ഠനെവിടെ? അച്ഛന്റെ അന്ത്യനിമിഷത്തിൽ ആ താതഗാത്രം താലോടി ആശ്വസിപ്പിക്കാൻ ഭാഗ്യംകിട്ടിയ കൈകളിൽ സ്പർശിച്ചു ഞാനല്പമാശ്വസിക്കട്ടെ.

കൈകേയി:—ജ്യേഷ്ഠൻ ഇപ്പോൾ അയോദ്ധ്യയിലില്ല, വനത്തിലാണു്. അച്ഛന്റെ സത്യം രക്ഷിക്കാൻ രാമകുമാരൻ വനത്തിൽപോയി.

ഭരതൻ:—(അമ്പരപ്പോടെ) ജ്യേഷ്ഠൻ വനത്തിലോ! ഏതു സത്യം രക്ഷിക്കാൻ? ഇതൊക്കെ കേൾക്കാൻ ഞാനെന്തുപാപം ചെയ്തു! അമ്മയ്ക്കിതു പറയുന്നതെങ്ങനെ നാവുയരുന്നു!

കൈകേയി:—നിന്നോടു ഞാൻ അസത്യം പറയണമെന്നോ? എത്ര ദുഃഖകരമായാലും ഞാൻ നിന്നോടു സത്യമേപറയൂ. രാമൻ അച്ഛന്റെ സത്യവ്രതത്തിനു ഭംഗം വരാതിരിക്കാൻ വനവാസം ചെയ്യുകയാണിപ്പോൾ. കൂടെ ലക്ഷ്മണനും സീതയുമുണ്ടു്. അച്ഛൻ ദിവംഗതനായ അവസരത്തിൽ നിന്നെപ്പോലെ തന്നെ അവനുമിവിടെ ഉണ്ടായിരുന്നില്ല.

ഭരതൻ:—ഹാ! പ്രിയപ്പെട്ട ജ്യേഷ്ഠാ, ദേവീ! ലക്ഷ്മണാ! നിങ്ങളുടെ ഭരതൻ ഇതെങ്ങനെ വിശ്വസിക്കും! ഹാ! ഞാനെന്തെല്ലാമാശിച്ചുകൊണ്ടാണിവിടെ വന്നതു്! താതപാദങ്ങളിൽ വീണു വണങ്ങി

രോമാഞ്ചമണിയാൻ, ജ്യേഷ്ഠന്റെ ഗാഢാലിംഗനത്തിലമന്നു് ആനന്ദനിർവൃതികൊള്ളാൻ, ദേവിയുടെ സ്നേഹമൂറുന്ന കുശലാന്വേഷണം ശ്രവിക്കാൻ, ലക്ഷ്മണകുമാരന്റെ മുഖഗാംഭീര്യം നോക്കി അഭിമാനിക്കാൻ !

കൈകേയി:—മനസ്സിന്റെ സമനിലവിടാതെ കേൾക്കു കുമാരാ. അന്തംവിട്ടുനിൽക്കാനും തളൎന്നു താഴെ വീഴാനുമുള്ള സന്ദർഭമല്ലിതു്. അച്ഛന്റെ മൃതദേഹം വിധിപ്രകാരം സംസ്കരിക്കേണ്ടതും രാജ്യശ്രീയെ സനാഥയാക്കേണ്ടതും നീയാണു്. നീ മാത്രമാണു്. ചുമതലകളെക്കുറിച്ചാണു നീയിപ്പോൾ ചിന്തിക്കേണ്ടതു്. കഴിഞ്ഞ കാര്യങ്ങളോർത്തു വിലപിക്കുന്നതു ബുദ്ധിശൂന്യതയാണു്

ഭരതൻ:—എന്തു്! ഈ ഞാനോ സംസ്കാരകർമ്മം നടത്താൻ? രാജ്യശ്രീയെ സനാഥയാക്കാൻ? എന്താണമ്മേ ഇപ്പറയുന്നതിനർത്ഥം? ദശരഥമഹാരാജാവിന്റെ അപരക്രിയകൾ നടത്താനവകാശം ഒരേ ഒരാൾക്കേ ഉള്ളൂ. അദ്ദേഹമില്ലാത്ത അയോദ്ധ്യയിൽ ചെങ്കോൽ നടത്താൻ ഒരൊററക്കൈക്കേ യോഗ്യതയും അധികാരവും പ്രാപ്തിയുമുള്ളൂ. സർവലോകാരാധിതനായ ശ്രീരാമചന്ദ്രന്റെ കൈകൾക്കു്.

കൈകേയി:—ആ കൈകൾ അതിനുമുതിർന്നാലുള്ള ഫലമെന്തെന്നറിയാമോ കുമാരനു്? സത്യവ്രതനായിരുന്ന പിതാവിന്റെ യശോധനം കേവലം മുക്കുപണ്ടമാണെന്നു നാടെങ്ങും പ്രചരിക്കുക!

ഭരതൻ:—കുറേനേരമായി കേൾക്കുന്ന സത്യത്തിന്റെയും സത്യഭംഗത്തിന്റെയും അവ്യക്തസൂചനകൾ! ഇനി പറയരുതോ ആരുടെ സത്യമെന്നും എന്താണു സത്യഭംഗമെന്നും? അല്ലെങ്കിൽ ഞാനെന്തിനറിയുന്നു! ആ സത്യം എന്തോ ആകട്ടെ; ഏതിനു വേണ്ടിയുള്ളതോ ആകട്ടെ—ഞാൻ ഭരതനാണെങ്കിൽ ജേഷ്ഠനെ അയോദ്ധ്യയിൽ കൊണ്ടുവന്നു് ജ്യേഷ്ഠനുമാത്രം അവകാശപ്പെട്ട കർമ്മങ്ങൾ ചെയ്യിക്കും.

കൈകേയി:—നിനക്കതു സാദ്ധ്യമല്ല കുമാരാ. ഉണ്ടായ കാര്യങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കാൻ ശ്രമിക്കൂ. നിന്റെ അസാന്നിദ്ധ്യത്തിൽ മഹാരാജാവു് രാമനെ കിരീടാവകാശിയായി അഭിഷേകം ചെയ്യാൻ നിശ്ചയിച്ചു. അതിനുവേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്തു

ഭരതൻ:—എന്നിട്ടു്? എന്നിട്ടു്? വനമദ്ധ്യത്തിലാണോ യുവരാജാവിനു വാഴാനു സ്ഥാനം കണ്ടതു്?

കൈകേയി.—നിന്റെ അച്ഛനു് ആ നിശ്ചയം മാറേറണ്ടിവന്നു—എന്നോടു പ്രതിജ്ഞചെയ്തിരുന്ന രണ്ടു വരങ്ങൾ നിറവേററിത്തരാൻ.

ഭരതൻ:—അപ്പോൾ അമ്മ?—തെളിച്ചു പറയൂ അമ്മേ, അച്ഛന്റെ നിശ്ചയത്തിൽ അമ്മയ്ക്കെന്തു കാര്യം?

കൈകേയി:—പടക്കളത്തിൽവെച്ചു് ഞാൻ മഹാരാജാവിന്റെ ജീവൻ രക്ഷിച്ചതു കുമാരൻ കേട്ടിട്ടില്ലേ?

ഭരതൻ:—അതു നാട്ടുകാർക്കു പ്രസിദ്ധമല്ലേ? അതിനു്? അതുമിതുമായിട്ടെന്തു ബന്ധം?

കൈകേയി:—അന്നത്തെ വരങ്ങൾ ഞാൻ യാചിച്ചു. കുമാരൻ രാജ്യാവകാശിയാകണമെന്നും രാമൻ പതിന്നാലുവർഷം വനവാസം ചെയ്യണമെന്നും ഏതിലുമുപരി സത്യത്തെ മാനിക്കുന്ന രഘുവംശതിലകൻ അതംഗീകരിച്ചു.

ഭരതൻ:—(ഉൽക്കടക്ഷോഭത്തോടെ) ഹാ! നരകത്തെപ്പോലും ഞെട്ടിക്കുന്ന ദുഷ്ടതേ! നിന്റെ അഗ്നിജ്വാലകളിൽ ഒരു കുടുംബവും രാജ്യവും ജനപദവും എത്ര വേഗം വെന്തടിഞ്ഞു! (തളർന്നുവീഴാൻപോകുന്നു. കൈകേയി താങ്ങി അടുത്തുള്ള പീഠത്തിലിരുത്തി തലോടുന്നു)

ഭരതൻ:—(അല്പനേരം കഴിഞ്ഞു ചാടിഎഴുന്നേൽക്കുന്നു) കൺമുമ്പിൽ നിന്നുപോകൂ കുലംകെടുത്തിയ മഹാപാപീ! മനുഷ്യരൂപംപൂണ്ട കാളസർപ്പത്തിന്റെ സന്താനമെന്ന അപമാനം ഏതു തീർത്ഥത്തിനു കഴുകിക്കളയാൻ കഴിയും!

കൈകേയി:—ഒരമ്മയുടെ സ്വപ്നലോകമെങ്ങനെയിരിക്കുമെന്നു നിനക്കു സങ്കല്പിക്കാൻ സാധിക്കാത്തതിൽ എനിക്കു കണ്ടിതമില്ല കുമാരാ.

ഭരതൻ:—നിരപരാധികളെ ഹിംസിക്കുകയും ദുരിതത്തിലിട്ടു നീററുകയും ചെയ്താലേ ഒരു സ്ത്രീ അമ്മയാവുകയുള്ളൂ; അല്ലേ? പെററമ്മയെക്കാൾ അമ്മയെ സ്നേഹിച്ച ജ്യേഷ്ഠൻ അമ്മയോടു് എന്തപരാധം ചെയ്തു? ഗംഗയെപ്പോലെ വിശുദ്ധയായ ജ്യേഷ്ഠത്തിയും സ്നേഹമൂർത്തിയായ ലക്ഷ്മണനും

പ്രവൃത്തിചെയ്തിട്ടാണു് ഇത്ര കൊടുംക്രൂരത അവരോടു കാട്ടിയതു്? കണ്ണിന്റെ കൃഷ്ണമണിപോലെ ജ്യേഷ്ഠനെ സ്നേഹിക്കുന്ന അയോദ്ധ്യയിലെ ജനങ്ങൾ അമ്മയെപ്പററിദ്രോഹം ചെയ്തു അവരെ കണ്ണീരുകുടിപ്പിക്കാമോ? പ്രതിജ്ഞയുടെ പേരും പറഞ്ഞു് സ്വഭർത്താവിന്റെ ഹൃദയനാളം നിഷ്കരുണം വലിച്ചുപറിച്ചെടുത്തിട്ടു് രാജ്യലോഭിയായ ഘാതകി നിന്നു് അമ്മ ചമയുന്നു!

കൈകേയി:—ആരും ഒരു ദ്രോഹവും എന്നോടു ചെയ്തിട്ടില്ല ഇതുവരെ. എനിക്കാരോടും യാതൊരു വിരോധവുമില്ല. ഞാൻ എല്ലാപേരെയും നിർവ്യാജമായി സ്നേഹിക്കുകയും ചെയ്യുന്നു.

ഭരതൻ:—എന്റെ മനസ്സു നിയന്ത്രണംവിട്ടു് എന്തും ചെയ്യാൻ കുതിക്കുന്നു. ഈ സ്നേഹത്തിന്റെ പ്രത്യക്ഷം മാതൃഹത്യയായാൽപ്പോലും—

കൈകേയി:—എന്തിനാണു് കുമാരാ, നിറഞ്ഞ സന്തോഷത്തോടെ കുമാരന്റെ വാളിനിരയാകാൻ ഇതാ കൈകേയി സന്നദ്ധയായി നില്ക്കുന്നു മറ്റേതിനേക്കാളും, മറ്റാരെക്കാളും ഞാൻ എന്റെ പുത്രനെ സ്നേഹിച്ചു. അവന്റെ ഐശ്വര്യവും ഭരണീയ്യവുമെല്ലാം ഞാൻ സദാ സ്വപ്നംകണ്ടു. അതിനു തടസ്സമായി നില്ക്കുന്നതെന്തും, അതെത്ര വിലപ്പെട്ടതും പ്രിയങ്കരവുമായിരുന്നാലും, തട്ടിനീക്കേണ്ടതു് എന്റെ കടമയാണെന്നു ഞാൻ വിശ്വസിച്ചു. അതു കുററമാണെങ്കിൽ അതേല്ക്കാൻ,

എത്ര ശിക്ഷയുമനുഭവിക്കാനു യാതൊരു മടിയുമെനിക്കില്ല കുഞ്ഞേ. ഒന്നു കൂടി നീ ഓർക്കണം രാജ്യശുല്കം വാഗ്ദാനം ചെയ്തതിനുശേഷമാണ് നിന്റെ അച്ഛൻ എന്നെ പരിണയിച്ചതു്. ആ വ്യവസ്ഥയെ കാററിൽ പറത്തി, നീ ഇവിടെയില്ലാത്ത സന്ദർഭത്തിൽ രാമനെ അഭിഷേകം ചെയ്യാനൊരുങ്ങുമ്പോൾ കൈയുംകെട്ടി മിണ്ടാതിരിക്കാൻ ഞാനെന്താ തടവുപുള്ളിയാണോ?

ഭരതൻ:— (ചെവിപൊത്തിക്കൊണ്ടു്) കല്ലുവച്ചിൻെറയും വിഷച്ചൊല്ലിൻെറയും ഭാഷകൊണ്ടു പോയിട്ടു അമ്മേ. മനുഷ്യഹൃദയങ്ങളെ ചതച്ചരച്ചു നേടിത്തന്ന ചെങ്കോൽ കണ്ടാൽ ഞാൻ നിലതെററിമയങ്ങിവീഴുമെന്നു് അമ്മ കരുതി. രാജമാതൃപദവിയിലിരുന്നു ഞെളിയാമെന്നു വ്യാമോഹിച്ചപ്പോൾ പരിപാവനങ്ങളായ സ്നേഹബന്ധങ്ങൾ തകർത്തെറിയാൻ യാതൊരു കൂസലും അമ്മയ്ക്കില്ലാതായി. ഇതിനു പ്രതിക്രിയ ചെയ്യുമമ്മേ-മറെറാരു പ്രതിക്രിയയെക്കാളും അമ്മയെത്തള്ളി നൈരാശ്യത്തിൻെറ ആഴത്തിൽ വലിച്ചെറിയുന്ന പ്രതിക്രിയ! അയോദ്ധ്യയുടെ ചെങ്കോൽ ദൂരെത്തള്ളി മരവുരിചൂടിയ സാക്ഷാൽ ശ്രീരാമചന്ദ്രൻെറ അനുജൻ ഇതാ മരവുരി ചാർത്തി വനത്തിലേയ്ക്കു പോകുന്നു. ജ്യേഷ്ഠനും ദേവിയും ലക്ഷ്മണനുമൊത്തല്ലാതെ ഞാനിനി അയോദ്ധ്യയിലേയ്ക്കില്ല. ആ ചെങ്കോൽ ജ്യേഷ്ഠശിരസ്സിൽ

അണിഞ്ഞു കാണുംവരെ ഭരതനു മറെറാരു ചിന്തയില്ല. അതസാദ്ധ്യമാണെന്നു ഞാനും ഇന്നാണറിയിലേശ്ശ—ആ പാദങ്ങളിൽ വീണു മാപ്പിരക്കാൻ, താണുകേണപേക്ഷിക്കാൻ.

കൈകേയി:—രാമകുമാരനെ നിനക്കറിയാവുന്നതിനെക്കാറും എനിക്കറിയാം കുമാരാ, നീ സമ്മതിച്ചാലുമില്ലെങ്കിലും ഈ ലോകത്തിലെ ജീവരാശി മുഴുവനും ഒത്തുചേർന്നപേക്ഷിച്ചാലും രാമൻ ധമ്മനിഷ്ഠയിൽ നിന്നിളകുകയില്ല. ശ്രമിച്ചിട്ടു പരാജിതനാകുന്നതിൽ ഭേദമല്ലേ അരക്ഷിതമായ രാജ്യത്തേയും രാജ്യവാസികളേയും കാത്തുരക്ഷിച്ചുകൊണ്ടിവിടെ കഴിയുക? രാജധമ്മം നടത്തുകയെന്നുള്ള കത്തവ്യമായി വരുമ്പോൾ അതിനുനേരെ മുഖം തിരിക്കുന്ന ക്ഷത്രിയൻ മറെറന്തുതന്നെ നേടിയാലെന്തു്!

ഭരതൻ:—എൻെറ അമ്മേ വിശ്വസിച്ചാൽ ആ കാൽക്കൽ ഞാൻ മരിച്ചുവീഴും. മനസ്സിനെ നീറിക്കുന്ന അവമാനത്തിൽ നിന്നും അപരാധബോധത്തിൽ നിന്നും ഞാനിങ്ങനെ വിമുക്തനാകും. അയോദ്ധ്യയ്ക്കു ജ്യേഷ്ഠനെ എൻെറ മരണംമൂലം വീണ്ടുകിട്ടുമെങ്കിൽ മറെറന്തു ഭാഗ്യമാണുവേണ്ടതെനിക്കു്. ഈ ചെറുകോലിൽ നിന്നു് ഒരു നിമിഷം മുമ്പേ മോചനം ലഭിച്ചെങ്കിൽ! (പോകുന്നു.)

കൈകേയി:—അമ്മ മകനെ ജയിപ്പിക്കാൻ ലോകത്തിൻെറ വെറുപ്പുമുഴുവനും നേരിടുന്നു! മക

ഭാരകാദസ്സഹപ്രതി അമ്മയെ തോല്പിക്കാൻ കച്ച കെട്ടുന്നു! എന്തൊരു വിചിത്രമായ ദൈവപരീത്യം! (തെല്ലുനേരം കഴിഞ്ഞു്) എന്റെ അഭിലാഷത്തിനും പ്രയത്നത്തിനും വൈധവ്യം മാത്രമോ ഫലം?

(ചിന്താമഗ്നയായി കട്ടിലിൽ ഇരിക്കുന്നു.)

യവനിക.

രംഗം അഞ്ചു്

(ചുററിലും വനഭംഗി കളിയാടുന്ന രാമാശ്രമത്തിന്റെ പ്രാന്തപ്രദേശം. രാമൻ ശാന്തഗംഭീരമായ മുഖഭാവത്തോടെ ഒരു പാറപ്പുറത്തിരിക്കുന്നു. അടുത്തു് രാമനെപ്പോലെ വല്ക്കലധാരിയായി ഭരതൻ നില്ക്കുന്നു.)

രാമൻ:—ഞാനെന്റെ അനുജനോടു് അപേക്ഷിക്കുകയാണു്; ആജ്ഞാപിക്കുകയല്ല.

ഭരതൻ:—ജ്യേഷ്ഠന്റെ നാവിൽനിന്നു പുറപ്പെടുന്നതെല്ലാം എനിക്കാജ്ഞയാണു്. പക്ഷേ, ക്ഷമിക്കണം ജ്യേഷ്ഠാ, ഇന്നു ഞാൻ ആദ്യമായി ആ ആജ്ഞയെ നിരസിക്കുന്നു.

രാമൻ:—കുമാരന്റെ മനോവേദന പൂർണ്ണമായും മനസ്സിലാക്കിക്കൊണ്ടാണു ഞാൻ അപേക്ഷിക്കുന്നതു്. കടമകൾ മറക്കരുതെന്നും കഴിഞ്ഞതൊക്കെ മറക്കണമെന്നും.

ഭരതൻ:—ജ്യേഷ്ഠൻ എന്നെ ഒന്നുകിൽ ജീവിക്കാനനുവദിക്കുക; അല്ലെങ്കിൽ മരിക്കാൻ അനുമതി

തരിക — രണ്ടിനും ദയകാണിക്കാനൊരുക്കമില്ലെങ്കിൽ എന്റെ മനുഷ്യത്വം മാത്രമേ എനിക്കു മാർഗ്ഗദർശിയായുള്ളു.

രാമൻ:—ജനസംരക്ഷകരെന്നു ഭുവനപ്രസിദ്ധരായ രഘുവംശരാജാക്കന്മാർക്ക് ഒഴിച്ചുകൂടാത്ത ചില ധർമ്മങ്ങളില്ലേ കുമാരാ ? എന്നോടൊത്തു കുമാരനിവിടെ താമസിക്കുന്നതു് ഞങ്ങൾക്കെന്തൊരുത്സാഹമായിരിക്കും ! കുമാരനു് ഞങ്ങളോടൊത്തുള്ള ജീവിതംഎത്ര ഹൃദ്യമായിരിക്കുമെന്നു് അറിഞ്ഞുകൂടാത്തവനാണോ ഞാൻ? പക്ഷേ സുഖം മാത്രം അഭിലഷിച്ചു നാമിവിടെ കഴിഞ്ഞുകൂടുമ്പോൾ എന്താകും നമ്മുടെ ജനപദത്തിന്റെ അവസ്ഥ ?

ഭരതൻ:—ആ അവസ്ഥ പരിഹരിക്കാൻ ജ്യേഷ്ഠൻ അയോദ്ധ്യയിലേക്കെഴുന്നള്ളുക മാത്രമേയുള്ളു മാർഗ്ഗം. അതപേക്ഷിച്ചുകൊണ്ടാണു് ഞാൻ ഈ പാദങ്ങളിൽ പ്രണമിച്ചതു്. എന്നോടൊത്തുവന്ന പൗരമുഖ്യന്മാർ ഒരേസ്വരത്തിൽ അഭ്യർത്ഥിച്ചതും മററൊന്നല്ല. എന്നിട്ടു് കരുണാമയനായ ജ്യേഷ്ഠൻ നിഷ്കാരുണ്യമവലംബിച്ചാൽ രാജ്യമേതുവഴിക്കോ പോകട്ടെ എന്നല്ലാതെ ഈയുള്ളവർ മററന്തുകരുതും ?

രാമൻ:—രഘുവംശത്തിനു തീരാകളങ്കം വരുത്തി, അച്ഛന്റെ നെടുനാളത്തെ യശസ്സിൽ കറകലർത്തി നേടുന്ന നേട്ടം കൊണ്ടെന്തു ഫലമാണു കുമാരാ.

ഭരതൻ:—ഇതാണെനിക്കു മനസ്സിലാകാത്തതു്, എത്ര

ശ്രമിച്ചിട്ടും, എത്ര ചിന്തിച്ചിട്ടും. അധികാരദുർമ്മോഹം പിടിപെട്ട് ഉന്മാദിനിയായിത്തീർന്ന ഒരു സ്ത്രീയെ സന്തോഷിപ്പിക്കാൻ കുലവും നാട്ടും ജനങ്ങളും ഏതാപത്തും കൈവരിക്കണമെന്നോ? യുക്തിക്കും ശാസ്ത്രത്തിനും ധർമ്മത്തിനും നാട്ടുനടപ്പിനും വിരുദ്ധമായ ഈ ഏർപ്പാട് എങ്ങനെ സ്വീകാര്യമാകും ജ്യേഷ്ഠാ?

രാമൻ:— ഭർത്തൃവിയോഗം മൂലം നിരാലംബയായിക്കഴിയുന്ന അമ്മയെ അധിക്ഷേപിക്കുന്നത് അവിനയമാണനുജാ. ഇളയമ്മ ചെയ്തത് തെറ്റോ ശരിയോ എന്നല്ല ചിന്തിക്കാനുള്ളത്. ഇളയമ്മയോടുള്ള വാഗ്ദാനം നിറവേറ്റാൻ കടപ്പെട്ട അച്ഛൻ ധർമ്മസങ്കടത്തിൽപ്പെട്ടുഴലുമ്പോൾ അദ്ദേഹത്തെ സഹായിച്ച് സത്യരക്ഷണം നടത്തി അച്ഛന്റെയും വംശത്തിന്റെയും അവികലമായ സൽകീർത്തിക്ക് കോട്ടം തട്ടാതെ നോക്കേണ്ട കടമ നമുക്കില്ലെങ്കിൽ നാമെന്തിന് മനുഷ്യരായിപ്പിറന്നു? ആ സന്ദർഭം ക്ലേശകരമെങ്കിൽ അതിനു സന്നദ്ധമല്ലെന്നും എളുപ്പമെങ്കിൽ നിർവഹിക്കാമെന്നും കരുതുക മനുഷ്യോചിതമാണോ? അച്ഛനോട് അപാരസ്നേഹമുണ്ടെന്നു ഭാവിച്ചുകൊണ്ടെന്തായി ആ സ്നേഹം ക്രിയാരൂപത്തിൽ തക്കസമയത്തു പ്രകടമാക്കിയില്ലെങ്കിൽ?

ഭരതൻ:— അച്ഛനെ ധർമ്മസങ്കടത്തിൽ നിന്നു രക്ഷിക്കാൻ പുറപ്പെട്ടില്ലായിരുന്നെങ്കിൽ ഇന്നും ആ

മുഖം കണ്ടു കൺകുളിൎക്കാമായിരുന്നു. ഏററവും പ്രിയമുള്ളവരെപ്പിരിഞ്ഞു് നീറിനീറി ദുഃഖിക്കാനല്ലായിരുന്നോ അച്ഛൻ! ഒരു പുത്രനുണ്ടായതില്ലാതെ, അവരെ കാണാൻ മോഹിച്ചു മോഹിച്ചു് അന്തരിക്കുന്നതില്പരം എന്തൊരു ദുരന്തമാണു് മനുഷ്യനു സംഭവിക്കാനുള്ളതു്! എന്നിട്ടു് നമ്മോ ശാസിക്കുന്ന അദൃഷ്ടത്തിന്റെ സത്യം രക്ഷിച്ചുവെന്നു്!

രാമൻ:—അജ്ഞരായ നാം കരുതുന്ന എല്ലാ തീരുമാനഭേദവും വേണമെങ്കിൽ നമുക്കു തടയാമെന്നു്. അനാദ്യന്തമായ പരാശക്തിയുടെ കയ്യിൽ കേവലം പന്തായി ചലിക്കുന്ന നമ്മുടെ വിഡ്ഢിത്തമെന്നല്ലാതെ എന്തു പറയാനാണു്! കൎമ്മവിപാകം തടയാൻ കരുത്തുള്ള കൈ ഇനിയുമുണ്ടായിട്ടില്ല കുമാരാ ഈ ലോകത്തു്. അച്ഛൻ എന്തോ ചെയ്തുള്ളതോ ദുഷ്കൃതത്തിന്റെ ഫലമായിരിക്കും അദ്ദേഹം അനുഭവിച്ചതു്.

ഭരതൻ: സുചരിതനെന്നു സൎവരാലും ബഹുമാനിതനായ മഹാനുഭാവനല്ലേ അച്ഛൻ?

രാമൻ:—ശരിയാണു കുമാരാ. പക്ഷേ ആയിരം സുകൃതങ്ങൾക്കിടയിൽ അറിഞ്ഞോ അറിയാതെയോ ഒരു ദുഷ്പ്രവൃത്തി ചെയ്യാൻ പോരേ ഈ ജന്മമല്ലെങ്കിൽ കഴിഞ്ഞ ജന്മത്തിൽ. അതിന്റെ ഫലം അനുഭവിപ്പിച്ചേ വിധി അടങ്ങുകയുള്ളൂ.

ഭരതൻ:—മനുഷ്യനുള്ള അറിവിന്റെ നൂറിലൊരംശം

എനിക്കില്ല. പക്ഷേ ഒന്നു ഞാൻ പറയാം. സ്നേഹശൂന്യത പൊറുക്കാൻ എന്നെക്കൊണ്ടാവു കയില്ല—അതാരിൽ നിന്നുണ്ടായാലും.

രാമൻ:—ആരു സ്നേഹശൂന്യമായി പെരുമാറിയെന്നാ ണു് കുമാരൻ പറയുന്നതു്?

ഭരതൻ:—മററാരു്?— നാറുന്ന സ്വാർത്ഥം ഉടലെടുത്ത എൻറെ അമ്മയല്ലാതെ.

രാമൻ:—നീ എത്രമാത്രം തെററിദ്ധരിച്ചിരിക്കുന്നു! അമ്മ എന്തു ചെയ്തെന്നാണു നീ കരുതുന്നതു്? അമ്മയെപ്പോലെ സ്നേഹത്തിൻറെ അടിമയായി ആരെങ്കിലുമുണ്ടോ? എല്ലാപേരെയും സ്നേഹിച്ചു അമ്മ ഒരാളിനെ ഏററവുമധികം സ്നേഹിച്ചു ആ സ്നേഹപ്രവാഹത്തിലൊഴുകിപ്പോയ അമ്മ യെ ആ സ്നേഹമനുഭവിച്ചവർ തന്നെ നിന്ദിക്കുക യും വെറുക്കുകയും ചെയ്യുന്നതിലെന്താണർത്ഥം? ഇനി കുമാരൻ പറഞ്ഞ സ്വാർത്ഥത്തിൻറെ കാര്യം. ലൌകികജീവിതത്തിൽ സ്വാർത്ഥലേശമെങ്കിലു മില്ലാത്ത സ്നേഹം നിനക്കൊന്നു കാണിച്ചുതരാ മോ? കുമാരനിന്നു് അയോദ്ധ്യയിൽ പോയി രാജധർമ്മമനുഷ്ഠിക്കണമെന്നു ഞാൻ പറയുമ്പോൾ വിസമ്മതം തോന്നുന്നതെന്തുകൊണ്ടാണു്? നിർ ദ്ദയം ചിന്തിച്ചുനോക്കൂ അതു നിനക്കു ദുഃഖകാര ണമായുള്ളതുകൊണ്ടു്, നിൻറെ ഇഷ്ടത്തിനു വിപ രീതമായുള്ളതുകൊണ്ടു്. അഥവാ ഒന്നുമാററിപ്പറയട്ടെ. നിൻറെ സ്വാർത്ഥമുണ്ടായിക്കൊണ്ടു്. മററുള്ളവരുടെ

സ്വാൎത്ഥത്തെ കുറ്റപ്പെടുത്തുമ്പോൾ നമ്മുടെ കുറ്റം മറക്കുന്നവരെത്രയെന്നറിയാമോ ? കുമാരനു സ്വസ്ഥതവേണം, സുഖംവേണം, മനസ്സമാധാനം വേണം. ദുഃഖങ്ങളെ നിയന്ത്രിച്ച്, സ്വാൎത്ഥവികാരങ്ങളെ അമൎത്തിപ്പിടിച്ച് സ്വധൎമ്മത്തിലൂന്നി നില്ക്കുന്നവനേ യഥാൎത്ഥത്തിൽ മനുഷ്യനായി ജീവിക്കുന്നുള്ളു. കൎത്തവ്യത്തിലേയ്ക്കായിരിക്കും അവന്റെ പണിപ്പെട്ടുള്ള ഓരോ കാൽവയ്പ്പും.

ഭരതൻ:—എന്റെ സർവശക്തിയും ക്ഷയിച്ചതായി തോന്നുന്നു ജ്യേഷ്ഠ. മരിച്ചുകൊണ്ടു ജീവിക്കാൻ വിധിക്കപ്പെട്ടവനാണു ഞാനെന്നബോധം എന്റെ മനോവീര്യത്തെ കാൎന്നുതിന്നുന്നു.

രാമൻ:—കുമാരന് എന്നോടുള്ള സ്നേഹാധിക്യമാണല്ലോ ഈ പാരവശ്യത്തിനു കാരണം. എന്നോടു സ്നേഹമുള്ളവർ എന്നെ ആനന്ദിപ്പിക്കാൻ ആഗ്രഹിക്കുന്നവരല്ലേ കുമാര ?

ഭരതൻ:—തീർച്ചയായും ജ്യേഷ്ഠന്റെ ആനന്ദത്തിൽക്കവിഞ്ഞ് ഈ ഭരതനൊരു ലക്ഷ്യവുമില്ല. ആ ആനന്ദം അപഹരിച്ചവരോടാണെന്റെ അമൎഷം. ആ അധമ്മരെ വച്ചുവാഴിക്കാൻ വേണ്ട സമചിത്തത ജ്യേഷ്ഠനെപ്പോലെ എനിക്കില്ല.

രാമൻ:—എന്റെ ആനന്ദം എന്താണെന്നു നിശ്ചയിക്കേണ്ടതു ഞാനാണ്. ഈ ബാലപാഠം കുമാരനു പറഞ്ഞുതരേണ്ടതുണ്ടോ? അയോദ്ധ്യയ്ക്ക് എന്റെ അനുജൻ ഭരതൻ പതിന്നാലുവർഷം നാഥനായി

രിക്കാൻ സമ്മതിക്കുന്നതിൽ കവിഞ്ഞു് മറെറാന്നുമില്ല എന്നെ ഇന്നാനന്ദിപ്പിക്കുവാൻ. നിന്റെ സ്നേഹത്തിൽ ഇന്നുവരെ തരിമ്പുപോലും സംശയമില്ലാതിരുന്ന എന്റെ വിശ്വാസത്തിനു് നീ പ്രകടിപ്പിക്കുന്ന വിസമ്മതം ഇളക്കമുണ്ടാക്കുന്നു. സ്വയം ക്ലേശങ്ങൾ ചുമലിലേററി നിന്റെ ജ്യേഷ്ഠനെ സഹായിക്കാൻ ഒരുക്കമില്ലെങ്കിൽ ഞാൻ എന്തു ധരിക്കണം?

ഭരതൻ:— (വല്ലാത്ത ക്ഷോഭത്തോടെ) ജ്യേഷ്ഠാ (രാമന്റെ കാൽക്കൽ വീഴുന്നു.)

രാമൻ:—കുമാരാ! (പിടിച്ചെഴുന്നേല്പിക്കുന്നു.)

ഭരതൻ:—ക്ഷമിക്കണം ജ്യേഷ്ഠാ. എന്തുവേണമോ ആജ്ഞാപിക്കുക. എന്റെ മനസ്സിനു് ഇന്നുവരെ ഇങ്ങനെ ഒരാഘാതമേററിട്ടില്ല. എന്റെ സ്നേഹത്തെ ഇന്നോളം ഒരു ജീവിയും സംശയിച്ചിട്ടില്ല. ഇന്നതുണ്ടായി.

രാമൻ:—അതു നമ്മുടെ ഭാവിമംഗളത്തിനു നാന്ദിയായിരിക്കട്ടെ. സത്യത്തിനു മൂർച്ചയുണ്ടു് അതെത്രയും നേരത്തെ നാം അറിയുന്നതാണു നന്നു്.

ഭരതൻ:—എന്താണങ്ങയുടെ അരുളപ്പാടു്?

രാമൻ:—ഇത്രനേരവും ഞാനപേക്ഷിച്ചതു് ഇനിയുമാവർത്തിക്കണമോ? അനുജൻ മടങ്ങിച്ചെന്നു് അയോദ്ധ്യയേയും ജനപദത്തെയും രക്ഷിച്ചനുഗ്രഹിക്കുക. ഒന്നുകൂടി; ഇളയമ്മയെ വേദനിപ്പിക്കുന്ന യാതൊന്നും ഒരാളിൽനിന്നും ഉണ്ടാകാതെ നോക്കുക.

ഭരതൻ:— ഞാൻ പോകാം. പക്ഷേ അയോദ്ധ്യയിലേക്കില്ല. അയോദ്ധ്യയിൽ പ്രവേശിക്കുന്നതു് ജ്യേഷ്ഠനോടൊത്തുമാത്രം. നഗരത്തിനു പുറത്തുള്ള ഒരാശ്രമകുടീരത്തിലിരുന്നു്, ജ്യേഷ്ഠൻ ഇന്നണിയുന്ന മരവുരിയണിഞ്ഞു്, കഴിക്കുന്ന ഫലമൂലങ്ങൾ കഴിച്ചു് കിടക്കുന്ന വെറും നിലത്തുകിടന്നു്, ആ പാദങ്ങൾ പെരുമാറുന്ന മെതിയടിയെ രാജസ്ഥാനത്തു പ്രതിഷ്ഠിച്ചാരാധിച്ചു് അതിന്റെ പ്രതിനിധിയായി, ഈ എളിയ ചുമതലകൾക്കു താങ്ങാനാവാത്ത കൃത്യഭാരം ചുമക്കാം. ജ്യേഷ്ഠൻ ദയവുണ്ടായി അതിനനുവദിക്കണം. പതിനാലുവർഷം തികയുന്ന ദിവസം അവിടുന്നു് അയോദ്ധ്യയിൽ എത്തുകയില്ലെങ്കിൽ ഒരു നിമിഷംപോലും ഭരതൻ ജീവിച്ചിരിക്കുകയില്ല.

രാമൻ:—(കണ്ണുനിറയുന്നു) കുമാരാ!

ഭരതൻ:—ജ്യേഷ്ഠാ!

രാമൻ:—രാമനിന്നു് ജീവിതത്തിലാദ്യമായി വികാരങ്ങൾക്കടിമയായിപ്പോകുന്നു കുമാരാ. തടംതല്ലുന്ന ആനന്ദത്തിന്റെ ആകാശത്തോളം ഉയർന്ന അഭിമാനത്തിന്റെ അടിമ! ചെങ്കോലും മരവുരിയുമൊപ്പമെടുക്കാൻ ധൈര്യമുള്ള ഭാരതപുത്രനൊരു ജ്യേഷ്ഠനായിപ്പിറന്ന എന്നെപ്പോലെ സൗഭാഗ്യവാനായി ഈ ഭൂമണ്ഡലത്തിലാരുണ്ടു്!

(ഭരതനെ ആശ്ലേഷിക്കുന്നു)

യവനിക

GOVT. HIGH SCHOOL,
Date..................
KOTTAYAM

Printed at the
PRESS RAMSES
Trivandrum.

GOVT. HIGH SCHOOL.
Date...................
KOTTAYAM.

COVER PRINTED AT THE GOVERNMENT PRESS,
TRIVANDRUM, 1966.